# മനശ്ശക്തി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മുഖവുരം.

നാം മററു പ്രാണികളെ അപേക്ഷിച്ച് ഉൽകൃഷ്ടരായിരി
ന്നു. അതു നമ്മുടെ അസാധാരണമായ മനശ്ശക്തിവിലാ
ംകൊണ്ടാകുന്നു. നമ്മിൽ തന്നെയും ചിലർ പരിഷ്കൃത
., ചിലർ ഉൽകൃഷ്ടരും, ചിലർ നികൃഷ്ടരും ആയി കാണുന്നു.
തും വാസ്തവത്തിൽമനശ്ശക്തിവിലാസത്തിൻെറ താരതമ്യം
നുസരിച്ചു തന്നെ ആകുന്നു. മനസ്സ് അളവററ ശക്തികളു
ഇരിപ്പിടമായ ഒരു അത്ഭുതവസ്തുവാണ്. ഇതിനേക്കാൾ
ത്ഭുതകരവും ദിവ്യവുമായ ഒരു തത്വം പ്രകൃതിയിൽ ഇല്ലെ
തന്നെ പറയാം. ജ്ഞാനം, ഇച്ഛ, ക്രിയ, ചുരുക്കത്തിൽ ഇ
ങനെ മൂന്നുപിരിവായി ആവിർഭവിക്കുന്ന മനശ്ശക്തികളി
ല്ലങ്കിൽ ഈ പ്രപഞ്ചംതന്നെ ശൂന്യവും നിരുപയോഗവുമാ
ത്തീരുന്നില്ലേ?

മനസ്സിൽ ലയിച്ചു കിടക്കുന്ന അനവധി ശക്തികളെപ്പ
റി അറികയും, അവയെ സ്വാധീനമാക്കുകയും, വേണ്ടവ
ററംവിനിയോഗിക്കയും ചെയ്യുന്നതിൽ നിന്നാണ് എല്ലാ പു
ഷാൎത്ഥങ്ങളും സാദ്ധ്യമാകുന്നതു്. അതുകൊണ്ടു മനശ്ശക്തിക
ളെപ്പററി പഠിക്കയും, അവയെ ഗുണകരമായ വിധത്തിൽ ഉ
യോഗിപ്പാൻ ശീലിക്കയും ചെയ്യുന്നതിനേക്കാൾ വലുതായ
ത്ഥം നമുക്കു വേറൊന്നുണ്ടായിരിപ്പാൻ തരമില്ല. ബാഹ്യവി
ഷയങ്ങളെ സംബന്ധിച്ചു നമുക്കുള്ള അറിവ് എത്ര വ്യാപ്ത
യൊ, തത്സംബന്ധമായി നമുക്കുള്ള പാണ്ഡിത്യം എത്ര
ധികമായൊ ഇരിക്കട്ടെ, എന്നാലും ആദ്ധ്യാത്മികമായ അ
വോട്ടുകൂടാതെ അതൊന്നും പൂൎണ്ണമായൊ സഫലമായൊ ത്
ഒ എന്നു വരുന്നതല്ല.

വിശേഷിച്ച്, മനശ്ശക്തി മനുഷ്യൎക്കു ജാതിമതഭേദം
തെ പൊതുവിലുള്ള ജന്മസിദ്ധമായ സ്വത്താകുന്നു.

Digitized By Kerala Sahitya Akademi

ആത്മാക്കൾക്കുള്ള, ഉപയോഗിക്കുംതോറും വർദ്ധിച്ചുവരുന്ന ഒരു ദിവ്യനിധി ആകുന്നു. ഈ അക്ഷയ ഭണ്ഡാരത്തിന്റെ കൈകാര്യകർത്തൃത്വത്തിലുള്ള ചുമതലയും മതഭേദമോ വർണ്ണാശ്രമഭേദമോ സ്ത്രീപുരുഷഭേദമോ കൂടാതെ മനുഷ്യജാതിയിൽപ്പെട്ട എല്ലാവർക്കും ഒന്നുപോലെയുള്ളതാകുന്നു. എന്നാൽ നമ്മുടെ സ്ത്രീകളിലോ പുരുഷന്മാരിലൊ ആയിരത്തിൽ ഒരാൾ ആ വലിയ ചുമതലയെ വേണ്ടവണ്ണം അറിഞ്ഞു നടക്കുന്നുണ്ടോ എന്നു സംശയമാണ്. ഈ ചെറിയ പുസ്തകം നമ്മെ നല്ലവണ്ണം ആ ചുമതലയെപ്പററി ഓർമ്മപ്പെടുത്തുന്ന ഒന്നാണ്.

ഈ ജേംസ് അലൻ എന്ന മഹാൻ ഇംഗ്ലീഷിൽ എഴുതീട്ടുള്ള "As a [illegible] Thinketh" എന്ന പുസ്തകത്തിന്റെ ഭാഷാന്തരമാകുന്നു. മനുഷ്യന്റെ ജയത്തിനും തോൽവിക്കും ഉൽകൃഷ്ടതയ്ക്കും നികൃഷ്ടതയ്ക്കും സുഖത്തിനും ദുഃഖത്തിനും എല്ലാം അവന്റെ വിചാരങ്ങളും പ്രവൃത്തികളും തന്നെയാണ് കാരണമെന്നും അതുകൊണ്ട് ഏതു താണനിലയിൽനിന്നും ഒരുത്തന് ഉയൎന്ന സ്വപ്രയത്നം കൊണ്ട് ഏതു ഉയൎന്ന സ്ഥാനത്തേയും പ്രാപിക്കാമെന്നുള്ള വിശിഷ്ടതത്വത്തെ ആധാരമാക്കി ആ മഹാൻ അനേകം ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. ഇതു് അവയിൽ ഒന്നും അവയുടെ ഒക്കെ "രത്നച്ചുരുക്ക"വും ആകുന്നു.

"മനശ്ശക്തി" എന്ന പേരു് ഈ ഭാഷാന്തരത്തിനു യോജിക്കുമെന്നു വിശ്വസിക്കുന്നു. "മനംപോലെ മംഗലം" എന്ന പേരിൽ ശ്രീമാൻ കുന്നത്തു ജനാർദ്ദനമേനോൻ അവർകൾ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതും ഇതിന്റെ മൂലത്തിന്റെ അനുകരണമാണ്. ഈ "മനശ്ശക്തി" തന്നെ കുറേ കാലം "മനസ്സുപോലെ മംഗലം" എന്ന തലക്കെട്ടിൽ "വിനോദം" മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തീട്ടുള്ളതാകുന്നു. അതിനെ പരിഷ്കരിച്ച് ഈ രൂപത്തിൽ പുറപ്പെടുകയാണ്.

Digitized By Kerala Sahitya Akademi

മതസംബന്ധമായ മൂഢവിശ്വാസങ്ങൾക്കൊന്നിനും ഇടംകൊടുക്കാതെ വാസ്തവമായ ഈശ്വരഭക്തിയേയും സന്മാർഗ്ഗബോധത്തേയും സ്വാശ്രയബുദ്ധിയേയും വർദ്ധിപ്പിച്ചു ജീവിതത്തെ സഫലമാക്കാൻ ഉതകുന്ന പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ ചുരുക്കമാണു്. ജീവിതത്തിന്റെ വിലയേയും നിലയേയും ജയാപജയങ്ങളുടെ രഹസ്യങ്ങളേയും സ്വന്തചുമതലയേയും അറിഞ്ഞു ജീവിക്കുകയും ആയുഷ്കാലം ഐശ്വര്യത്തോടും സമാധാനത്തോടും കൂടി പ്രയോജനകരമാംവണ്ണം കഴിച്ചുകൂട്ടുകയും ചെയ്വാൻ ആഗ്രഹിക്കുന്ന സ്ത്രീപുരുഷന്മാർ ഈ ചെറിയ പുസ്തകം വായിച്ചിരിക്കേണ്ടതാണു്. ജേംസ് അലൻ അവർകളുടെ "From Poverty To Power" തുടങ്ങിയ മറ്റു ഗ്രന്ഥങ്ങളും ഭാഷാന്തരം ചെയ്തുവരുന്നുണ്ടു്. വഴിയെ പ്രസിദ്ധപ്പെടുത്തുന്നതാണു്. ഇവയുടെ എല്ലാം ഭാഷാന്തരത്തിനു അനുവാദംതന്ന മഹാമനസ്കയായ മിസ്സിസ്സ്. ജേംസ് അലനെ ഹൃദയപൂർവ്വം വന്ദനംപറയുന്നു. മലയാളികൾക്കു ഈ പുസ്തകം ഗുണപ്രദമായിത്തീരുമെന്നു് ആശിക്കയും, മഹാജനങ്ങളുടെ അനുകമ്പാപൂർവ്വമായ സ്വീകരണത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഇതിനെ പുറത്തയയ്ക്കുകയും ചെയ്തുകൊള്ളുന്നു.

പരിഭാഷകൻ,

എൻ. കുമാരൻ ആശാൻ.

തിരുവനന്തപുരം.<br>
൧൦൮൯ മീനം ൨൫.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയവിവരം

—:*:—


| അദ്ധ്യായം | | പുറം. |
| --- | --- | --- |
| ൧. | വിചാരവും സ്വഭാവവും | ൧—൪ |
| ൨. | വിചാരവും ബാഹ്യാവസ്ഥയും | ൫—൧൩ |
| ൩. | വിചാരവും ശരീരസ്ഥിതിയും | ൧൭—൨൦ |
| ൪. | വിചാരവും സങ്കല്പവും | ൨൧—൨൪ |
| ൫. | വിചാരവും കാൎയ്യസിദ്ധിയും | ൨൫—൩൦ |
| ൬. | സ്ഥിരസങ്കല്പവും ഉൽകൃഷ്ടമാതൃകയും | ൩൧—൩൭ |
| ൭. | ശാന്തി. | ൩൮—൪൧ |


—:*:—

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മനശ്ശക്തി.

## അദ്ധ്യായം ൧.

### വിചാരവും, സ്വഭാവവും.

"മനഃകൃതം കൃതം" എന്ന വാക്യം ഒരുത്തൻെറ ആഭ്യന്തരജീവിതത്തെ സംബന്ധിച്ചിടത്തോളം മാത്രമല്ല അൎത്ഥവത്തായിരിക്കുന്നതു്; അവൻെറ പുറമേയുള്ള എല്ലാ സ്ഥിതികളിലും, പൎയ്യന്താവസ്ഥകളിലും കൂടി യോജിക്കത്തക്കവണ്ണം അതിൻെറ അൎത്ഥത്തിന്ന് അത്ര വ്യാപ്തിയുണ്ടു്. മനുഷ്യൻ ശരിയായും അവൻെറ വിചാരമല്ലാതെ മററൊന്നുമല്ല; അവൻെറ സ്വഭാവം സ്വന്ത വിചാരങ്ങളുടെ ആകത്തുകയുമാകുന്നു.

ചെടി വിത്തിൽ നിന്നു മുളയ്ക്കുന്നു. വിത്തില്ലാതെ ഉണ്ടാകുന്നില്ല. അതുപോലെ മനുഷ്യൻെറ എല്ലാക്രിയകളും മറഞ്ഞു കിടക്കുന്ന വിചാരങ്ങളാകുന്ന വിത്തുകളിൽനിന്നു പൊങ്ങിവരുന്നു. അവ കൂടാതെ വരുന്നില്ല. സ്വതേ (ഐച്ഛികമായി) ചെയ്യുന്നതും മുൻകരുതലില്ലാതെ (യാദൃച്ഛികമായി) ചെയ്യുന്നതുമായ പ്രവൃത്തികൾ കൂടിയും കരുതിച്ചെയ്യുന്ന ക്രിയകൾ പോലെതന്നെ ഇതിൽ ഉൾപ്പെടുന്നു. ക്രിയ വിചാരത്തിൻെറ പൂവാണു്. സുഖവും ദുഃഖവും അതിൻെറ ഫലവുമാകുന്നു. ഇങ്ങനെ മനുഷ്യൻ തൻെറ കൃഷിയിൽ കിട്ടുന്ന മധുരമായും തിക്തമായുമുള്ള ഫലങ്ങളെ എല്ലാം സ്വന്ത ധാന്യപ്പുരയിൽ ശേഖരിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

"മനസ്സിലുണ്ടാം വിചാരങ്ങളാലുണ്ടായി നാം
ജനിച്ചനമുക്കുള്ളതൊക്കയും വിചാരത്താൽ
പൊല്ലാത വിചാരത്തെത്തുടൎന്നുവരും ദുഃഖം
നില്ലാതെ കാളയുടെ പിറകേ വണ്ടിപോലെ;
നല്ല നിൎമ്മലവിചാരങ്ങളെ സുഖം താനം
കില്ലില്ല തുടൎന്നെത്തും മൎത്ത്യനെ നിഴൽപോലെ"

മനുഷ്യജീവിതം നിയമം അനുസരിച്ച് അഭിവൃദ്ധിയെ പ്രാപിക്കയാകുന്നു. കൃത്രിമമായി സൃഷ്ടിക്കപ്പെട്ടതല്ല. കാൎയ്യകാരണ നിയമം അപ്രത്യക്ഷമായ വിചാരഭൂമിയിലും പ്രത്യക്ഷമായ ഭൌതികലോകത്തിൽ എന്നപോലെ തന്നെ തെററുകൂടാതെയും തെററാതെയും വ്യാപരിക്കുന്നു. ഉൽകൃഷ്ടവും സാത്വികവുമായ സ്വഭാവം അനുഗ്രഹംകൊണ്ടോ യാദൃച്ഛികമായോ ഉണ്ടാകുന്നതല്ല. ഉത്തമ വിചാരങ്ങളെ വൎദ്ധിപ്പിപ്പാൻ തുടൎന്നുകൊണ്ടു ചെയ്തിട്ടുള്ള ശ്രമത്തിന്റെ സ്വാഭാവികമായ ഫലമാകുന്നു; അതായത് ദീൎഘകാലം പരിശുദ്ധവിചാരങ്ങളെ ഹൃദയത്തിൽ പോററിവളൎത്തിയതിന്റെ ഫലമാകുന്നു. അതുപോലെ നീചവും മൃഗസാധാരണവുമായ സ്വഭാവം മലിന വിചാരങ്ങളെ തുടൎന്നുകൊണ്ട് ഉള്ളിൽ സംഗ്രഹിച്ചിരുന്നതിന്റെയും ഫലമത്രെ.

മനുഷ്യനെ നിൎമ്മിക്കുന്നതും ഹിംസിക്കുന്നതും അവൻ തന്നെ. വിചാരമാകുന്ന കൊല്ലന്റെ ആലയിൽവച്ചു തന്നെ ഹിംസിപ്പാനുള്ള ആയുധം മനുഷ്യൻ ഉണ്ടാക്കുന്നു. അതിൽവച്ചു തന്നെ തനിക്ക് അധിവസിപ്പാനുള്ള ആനന്ദവും ശക്തിയും സമാധാനവും നിറഞ്ഞ ദിവ്യ സൌധങ്ങളെ നിൎമ്മിക്കുന്നതിനു വേണ്ട ഉപകരണങ്ങളും അവൻ ഉണ്ടാക്കുന്നു. വിചാരത്തെ ന്യായമാംവണ്ണം തിരഞ്ഞെടുക്കുകയും ശരിയായ വിധത്തിൽ ഉപയോഗിക്കയും ചെയ്താൽ മനുഷ്യൻ ഉയൎന്നു ദൈവികമായ പൂൎണ്ണതപദത്തിൽ എത്തും. വിചാരത്തെ ശൂന്യമാക്കാതിരിക്കുകയും തെററായി ഉപയോഗിക്കുകയും ചെയ്താൽ മനുഷ്യൻ

Digitized By Kerala Sahitya Akademi

താണ മൃഗങ്ങളുടെ സ്ഥാനത്തു ചെല്ലുകയും ചെയ്യുന്നു. ഈ രണ്ടു പരമാവധികളുടെമദ്ധ്യത്താണ് സ്വഭാവത്തിന്റെ എല്ലാ തരഭേദങ്ങളും സ്ഥിതിചെയ്യുന്നതു് അവയുടെ കർത്താവും നേതാവും എല്ലാം അവനവൻ തന്നെ.

ആത്മസംബന്ധമായി ഇക്കാലത്തു കണ്ടു പിടിക്കപ്പെട്ടിട്ടുള്ള വസ്തുതകളിൽ ദിവ്യത്വം കൊണ്ടും വിശ്വാസയോഗ്യത കൊണ്ടും ഇതിനേക്കാൾ സന്തോഷജനകവുംഫലപ്രദവുമായി മററൊന്നുംതന്നെ ഇല്ല. മനുഷ്യൻ തന്നെയാണ് വിചാരത്തിന്റെനായകനും, സ്വഭാവത്തിന്റെ ശില്പിയും, സ്ഥിതി, പശ്ചാത്താവസ്ഥ, വിധി ഇവയുടെ നിർമ്മാതാവും ആകുന്നതു്

മനുഷ്യൻ ശക്തിയും, ജ്ഞാനവും, സ്നേഹവും നിറഞ്ഞ ഒരു ആത്മാവും സ്വന്തവിചാരങ്ങളുടെ യജമാനനും ആകയാൽ തന്റെഎല്ലാ അവസ്ഥകളെയും ക്രമീകരിപ്പാനുള്ള കൌശലത്തെ സ്വയം വഹിച്ചിരിക്കുന്നു; തന്നെ സ്വേച്ഛപോലെ രൂപാന്തരപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുന്നതിനുള്ള ശക്തിയെയും അവൻ ഉള്ളിൽ ധരിച്ചിരിക്കുന്നു.

അവൻ എല്ലായ്പോഴും—തന്റെ അതിചാപലവും അതിനികൃഷ്ടവുമായ അവസ്ഥയിൽ പോലും—യജമാനൻ തന്നെ; എന്നാൽ തന്റെ ചാപല്യത്തിലും അധഃപതനത്തിലും അവൻ സ്വഭാവത്തെ ദുർഭരണം ചെയ്യുന്ന മൂഢനായ യജമാനൻ എന്നേയുള്ളു. തന്റെ സ്ഥിതിയെപ്പററി ചിന്തിക്കയും തന്റെ ജീവിതത്തിന്നു അധിഷ്ഠാനമായ നിയമത്തെ ശുഷ്കാന്തിയോടെ അന്വേഷിക്കയും ചെയ്യുമ്പോൾ അവൻ വിവേകിയായ യജമാനൻ ആയിത്തീരുന്നു. തന്റെ ശക്തികളെ ബുദ്ധിപൂർവ്വം പ്രയോഗിക്കയും വിചാരങ്ങളെ ഫലപ്രദമായ സംഗതികൾക്കായി സ്വരൂപിക്കുകയും ചെയ്യുന്നു. ബുദ്ധിയുള്ള യജമാനൻ അപ്രകാരമാണ്. മനുഷ്യൻ അങ്ങനെയുള്ള യജമാന

Digitized By Kerala Sahitya Akademi

നാംകേണ്ടതു് വിചാരത്തിൻെറ നിയമങ്ങളെ തൻെറ ഉള്ളിൽ വെച്ചു കണ്ടുപിടിച്ചിട്ടു മാത്രമാകുന്നു. ആ കണ്ടുപിടിത്തം വെറും ശുഷ്കാന്തി, ആത്മവിവേചനം, സ്വാനുഭവം ഇവനാൽ സാദ്ധ്യവുമാണു്

സ്വർണ്ണവും വൈരക്കല്ലും സമ്പാദിക്കുന്നതു് വളരെ പണിപ്പെട്ടു ആരാഞ്ഞിട്ടും, പണികൾ കഴിച്ചിട്ടും ആകുന്നു. മനുഷ്യനു തൻെറ ആത്മാവാകുന്ന പണിയുടെ അടിയിൽ കുഴിച്ചു നോക്കിയാൽ ജീവിതത്തെ സംബന്ധിച്ച എല്ലാ തത്വങ്ങളും കണ്ടുകിട്ടും. തൻെറ സ്വഭാവത്തെ ഉണ്ടാക്കുന്നതും, ജീവിതത്തെ ഉരുപ്പിടിക്കുന്നതും, വിധിയെ നിർമ്മിക്കുന്നതും താൻതന്നെ ആണെന്നു സന്ദേഹം കൂടാതെ അവനു് വെളിവാകും. അതിനു ഇതാണുപായം:—തൻെറ വിചാരങ്ങളെ സൂക്ഷിക്കുകയും ചൊല്പടിയിൽ നിർത്തുകയും തിരുത്തുകയും ചെയ്യുക. തന്നിലും മററുള്ളവരിലും, തൻെറ ജീവിതത്തിലും പര്യന്താവസ്ഥകളിലും വിചാരത്തിൻെറ ശക്തി എങ്ങനെ പ്രതിഫലിക്കുന്നു എന്നു് കണ്ടറിയുക. ക്ഷമയോടുകൂടി പരിശീലിച്ചും, അന്വേഷിച്ചും കാര്യകാരണങ്ങളെ കൂട്ടിച്ചേർത്തു നോക്കുക. എല്ലാ അനുഭവങ്ങളെയും—ദിവസംപ്രതി അനുഭവിക്കുന്ന തീരെ നിസ്സാരമായ സംഗതികളെപ്പോലും—ജ്ഞാനവും, വിവേകവും ശക്തിയുമാകുന്ന സ്വസ്വരൂപത്തെ കണ്ടുപിടിപ്പാനുള്ള ഉപായമായി ഉപയോഗിക്കുക. അപ്പോൾ "നോക്കുന്നവൻ കാണും" 'മുട്ടുമ്പോൾ തുറക്കും' എന്നുള്ള നിയമത്തിൻെറ യാഥാർത്ഥ്യം മനസ്സിലാകും. ക്ഷമയും, പരിചയവും മുടങ്ങാതെ ശുഷ്കാന്തിയും ഉണ്ടെങ്കിൽമാത്രമേ ഒരുവനു ജ്ഞാനദേവാലയത്തിൻെറ ശ്രീകോവിൽപ്പടി കടക്കാൻ കഴിയൂ.

---

Digitized By Kerala Sahitya Akademi

## അദ്ധ്യായം ൨.

### വിചാരം ബാഹ്യാവസ്ഥയിൽ പ്രതിഫലിക്കുന്നതു്.

മനസ്സിനെ ഒരു തോട്ടത്തോടു് ഉപമിക്കാം. തോട്ടത്തെ ബുദ്ധിപൂർവ്വമായി കൃഷിചെയ്കയൊ വെറുതെ കാടുപിടിച്ചു പോവാൻ വിട്ടേക്കുകയൊ ചെയ്യാം. കൃഷിചെയ്താലും ശരി, വെറുതെ ഇട്ടിരുന്നാലും അതിൽ എന്തെങ്കിലും മുളയ്ക്കുകതന്നെ ചെയ്യും. ഉപയോഗമുള്ള വിത്തുകൾ വിതച്ചിട്ടില്ലെങ്കിൽ നിരുപയോഗമായ കളകളുടെ ബീജങ്ങൾ ധാരാളം അതിൽവന്നു കൂടുകയും തുടൎന്നുകൊണ്ടു് അവ മുളച്ചു സന്താനങ്ങളെ വൎദ്ധിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യും.

തോട്ടക്കാരൻ കളകൾ എല്ലാം പറിച്ചുകളഞ്ഞു് തോട്ടത്തിൽ കൃഷി ചെയ്യുന്നു; ആവശ്യമുള്ള പുഷ്പങ്ങളെയും ഫലങ്ങളെയും പോററി വളൎത്തുന്നു. അതുപോലെ ഒരുവനു തന്റെ മനസ്സാകുന്ന തോട്ടത്തേയും പാലിക്കാം. അബദ്ധവും അനാവശ്യവും അശുദ്ധവും ആയ വിചാരങ്ങളെല്ലാം അതിൽ നിന്നു പറിച്ചുകളഞ്ഞു സുബദ്ധവും, ഉപയോഗമുള്ളതും പരിശുദ്ധവുമായ വിചാരങ്ങളാകുന്ന പുഷ്പഫലങ്ങളെ പൂൎണ്ണമാകുംവണ്ണം കൃഷിചെയ്തുവളൎത്താം. ഈ സമ്പ്രദായം തുടൎന്നുകൊണ്ടിരുന്നാൽ ഇന്നല്ലെങ്കിൽ നാളെ ഒരുവനു താൻ തന്റെ അന്തഃകരണമാകുന്ന തോട്ടത്തിന്റെ സമൎത്ഥനായ തോട്ടക്കാരൻ അല്ലെങ്കിൽ ജീവിതത്തിന്റെയും വിചാരത്തിന്റെയും നേതാവാണെന്നുള്ള വസ്തുത വെളിപ്പെടുന്നതാകുന്നു. ലോകസ്വഭാവത്തേയും, പശ്ചന്താവസ്ഥയേയും, വിധിയേയും നിൎമ്മിക്കുന്ന

Digitized By Kerala Sahitya Akademi

മാനസപദാൎത്ഥങ്ങളും വിചാരശക്തികളും വ്യാപരിക്കുന്ന ക്രമവും മേൽക്കുമേൽ അധികമധികം സ്പഷ്ടതയോടുകൂടി അയാൾക്കു ഉള്ളിൽ ബോദ്ധ്യപ്പെടുന്നതാണ്.

വിചാരവും സ്വഭാവവും ഒന്നുതന്നെ; ചുററുമുള്ള വസ്തുക്കളും പരിസ്ഥിതികളും വഴിയായി മാത്രമാണ് ഒരുവന്റെ സ്വഭാവം പ്രത്യക്ഷമാകുന്നത്. അതുകൊണ്ട് ഒരുവന്റെ ജീവിതത്തിൽ ബാഹ്യാവസ്ഥകൾ എപ്പോഴും ഉള്ളിലെ അവസ്ഥയോടു ഏററവും യോജിച്ചിരിക്കുന്നതായി കാണപ്പെടുന്നു. ഇതുകൊണ്ട് ഒരുവന്റെ ഏതെങ്കിലും സമയത്തുള്ള ബാഹ്യാവസ്ഥകൾ അവന്റെ മുഴുവൻ സ്വഭാവത്തിന്റേയും ഫലമാണെന്ന് അൎത്ഥമാക്കിക്കൂടാ. പിന്നെയോ, ആ അവസ്ഥകൾ അവന്റെ ഉള്ളിലുള്ള സാരമായ വിചാരാംശങ്ങളോടു ഏററവും സംബന്ധിച്ചിരിക്കുന്നു എന്നും അവന്റെ അഭിവൃദ്ധിക്കു തൽക്കാലം അവ ഒഴിച്ചുകൂടാത്തതാണെന്നും വേണം വിചാരിപ്പാൻ.

ഓരോരുത്തനും ഉൽപ്പത്തിനിയമം അനുസരിച്ച് അതാതവൻ നില്ക്കേണ്ട സ്ഥാനത്തു നില്ക്കയാകുന്നു. വിചാരങ്ങൾ തന്നെ സ്വഭാവമായി പരിണമിച്ചിട്ട് ഓരോരുത്തരെയും തങ്ങളുടെ ഇപ്പോഴത്തെ നിലയിൽ എത്തിച്ചതാണ് ജീവിതത്തിന്റെ ഘടനയിൽ യാദൃച്ഛികമായി ഒന്നുമില്ല. എല്ലാം ഒരിക്കലും തെററിപ്പോകാത്ത ഒരുവ്യവസ്ഥയിൽ നിന്നുണ്ടായിട്ടുള്ളതത്രെ. ഈ വസ്തുത ഇഷ്ടപ്പെടുന്നവരോട് സ്വരച്ചേൎച്ച ഇല്ലാത്തവൎക്കും രഞ്ജനയിൽ വൎത്തിക്കുന്നവൎക്കും എല്ലാം ഒന്നുപോലെ യോജിച്ചിരിക്കയും ചെയ്യും.

മനുഷ്യൻ അഭിവൃദ്ധിയെയും വികാസത്തെയും പ്രാപിച്ചുകൊണ്ടിരിക്കുന്ന ജീവിആകയാൽ തനിക്ക് അഭിവൃദ്ധിപ്പെടാനുള്ള അറിവു് സിദ്ധിക്കത്തക്ക സൌകൎയ്യത്തിൽ ജീവിക്കുന്നു. ഏതെങ്കിലും ഒരു പരിസ്ഥിതിയിൽ നിന്നു തനിക്കാ

Digitized By Kerala Sahitya Akademi

യി സംഗ്രഹിച്ചിരുന്ന ആത്മികമായ അറിവു സമ്പാദിച്ചു കഴിഞ്ഞാൽ ആ അവസ്ഥ മാറിപ്പോകയും അതിൻെറ സ്ഥാനത്തിൽ മററു പയ്യന്താവസ്ഥകൾ ഇടം പിടിക്കുകയും ചെയ്യുന്നു.

മനുഷ്യൻ താൻ വെളിയിലുള്ള കാലദേശാവസ്ഥകളുടെ കിങ്കരനാണെന്നു വിശ്വസിച്ചിരിക്കുന്ന കാലമത്രയും അവയാൽ ബാധിക്കപ്പെട്ടുകൊണ്ടു തന്നെ ഇരിക്കും എന്നാൽ താൻ എല്ലാററിനെയും നിർമ്മിക്കുന്ന ഒരു ശക്തിയാണെന്നും, പയ്യന്താവസ്ഥകളുടെ ഉല്പത്തിക്കു കാരണമായി തന്നിൽ മറഞ്ഞു കിടക്കുന്നതും തൻെറ സ്വരൂപവുമായ നിലവും വിത്തും എല്ലാം തൻെറ സ്വന്തമാണെന്നും സ്വാനുഭവത്താൽ അറിയുമ്പോൾ അവൻ തൻെറ ജീവിതത്തിൻെറ സാക്ഷാൽ നായകനായും തീരും.

അല്പകാലമെങ്കിലും മനോനിയമത്തെയോ ചിത്തശുദ്ധിയെയോ അഭ്യസിച്ചിട്ടുള്ളവക്ക് പയ്യന്താവസ്ഥകൾ വിചാരത്തിന്നനുസരിച്ചുണ്ടാകയാണെന്നറിയാം. എന്തുകൊണ്ടെന്നാൽ, തൻെറ പയ്യന്താവസ്ഥയ്ക്കു വന്ന മാററം ശരിയായും അതുപോലെതന്നെ മാനസാവസ്ഥയിൽ വന്നിട്ടുള്ള മാററത്തിന്നനുസരിച്ചുള്ളതാണെന്ന് അയാൾക്കു ബോദ്ധ്യമാവാൻ വകയുണ്ട്. ഒരുവൻതൻെറ സ്വഭാവത്തിലുള്ള വല്ല ദോഷത്തേയും പരിഹരിപ്പാൻ ശുഷ്കാന്തിയോടെ ശ്രമിക്കുകയും ശീഘ്രമായും നിയതമായും ആ ശ്രമത്തെ വദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ തുടന്നുകൊണ്ട് അതിവേഗത്തിൽ പല സ്ഥിതിഭേദങ്ങൾ തന്നിൽ വന്നുകൊണ്ടിരിക്കുന്നതായി അയാൾ കാണും. അതു് അത്ര വാസ്തവമായ സംഗതിയാണ്

ആത്മാവു ഗൂഢമായി ഉള്ളിൽ കരുതിവയ്ക്കുന്നതും സ്നേഹിക്കുന്നതുമായ വസ്തു മാത്രമല്ല, ഏതിനെ അതു ഭയപ്പെടുന്നോ അതും അതിൻെറ അടുക്കലേയ്ക്കു് ആകഷിക്കപ്പെടുന്നു.

Digitized By Kerala Sahitya Akademi

താൻെറ പ്രിയപ്പെട്ട ആശംസകൾ എത്രഉയൎന്നവയോ ആത്മാവ് അത്ര ഉയൎന്നുചെല്ലുകയും, തൻെറ ദുഷ്പൂരങ്ങളായ ആഗ്രഹങ്ങൾ എത്ര താണവയൊ അത്ര താഴുകയും ചെയ്യുന്നു. പൎയ്യന്താവസ്ഥകൾ ആത്മാവിനു കാൎയ്യസാധകങ്ങളായ ഉപായങ്ങൾ മാത്രമേ ആകുന്നുള്ളു.

മനസ്സിൽ വിതയ്ക്കുകയൊ വീണു വേരൂന്നുവാൻ ഇടം കൊടുക്കുകയൊ ചെയ്തിട്ടുള്ള എല്ലാ വിചാരബീജങ്ങളും ശീഘ്രമായോ മന്ദമായോ ക്രിയകളാകുന്ന പുഷ്പങ്ങളെ ഉൽപ്പാദിപ്പിക്കുന്നു. ആ പുഷ്പങ്ങളിൽനിന്നു സൗകൎയ്യവും, പൎയ്യന്താവസ്ഥയുമാകുന്ന ഫലങ്ങളും ഉണ്ടാകുന്നു. നല്ല വിചാരങ്ങളുടെഫലം നല്ലതു്, ചീത്തവിചരങ്ങളുടേതു് ചീത്ത. വെളിയിലുള്ള അവസ്ഥകൾ ഉള്ളിലെ വിചാരങ്ങൾ അനുസരിച്ചു രൂപിക്കപ്പെടുന്നു. സുഖകരവും ദുഃഖകരവുമായ ബാഹ്യാവസ്ഥകൾ രണ്ടും അവസാനം ഗുണപ്രദമായി കലാശിക്കും. തൻെറ വിളവിനെ താൻതന്നെ കൊയ്തെടുക്കുന്ന കൃഷിക്കാരനാണു മനുഷ്യൻ; അതിനാൽ സുഖദുഃഖാനുഭവങ്ങളിൽ രണ്ടിലും നിന്നു് അവൻ അറിവു സമ്പാദിക്കുന്നു.

ആത്മാൎത്ഥമായ ആഗ്രഹങ്ങളേയും പ്രാൎത്ഥനകളേയും വിചാരങ്ങളേയും പിന്തുടൎന്നു ദുൎമ്മനോരഥങ്ങളാകുന്ന മായാദീപങ്ങളുടെ പിന്നാലെ പോകയൊ ബലവത്തുകളും ഉദാരങ്ങളുമായ യത്നങ്ങളുടെ വഴിക്കു സ്ഥിരതയോടെ നടക്കയൊ ചെയ്താൽ ഒരുവൻ ഒടുവിൽ തൻെറ വെളിയിലുള്ള സ്ഥിതികളിൽ അടങ്ങിയിരിക്കുന്ന അവയുടെ ഫലങ്ങളിൽ അല്ലെങ്കിൽ പൂൎത്തിയിൽ എത്തുന്നു. അഭിവൃദ്ധിയുടേയും ക്രമീകരണത്തിൻെറയും വ്യവസ്ഥ എവിടെയും ഉണ്ടു്.

ഒരുവൻ ചാരായക്കടയിലോ ജയിലിലോ പോകുന്നതു് വിധിയുടേയോ പൎയ്യന്താവസ്ഥയുടേയോ ക്രൌൎയ്യം കൊണ്ടല്ല.

Digitized By Kerala Sahitya Akademi

നീചവിചാരങ്ങളും നിന്ദ്യമോഹങ്ങളും നിമിത്തമാകുന്നു. ഒരു വിശുദ്ധഹൃദയൻ വെറും വെളിയിലുള്ള പ്രേരണകളുടെ ബലത്താൽ മാത്രം പെട്ടെന്ന് ഒരു കുററത്തിൽചെന്നു ചാടുന്നുമില്ല. കുററംചെയ്യുന്നതിനുള്ള വിചാരങ്ങൾ ദീർഘകാലം അവൻെറ ഹൃദയത്തിൽ സ്വകാര്യമായി സംഗ്രഹിക്കപ്പെട്ടിരിക്കും. സൌകര്യം കിട്ടുമ്പോൾ അവയുടെ ശേഖരിക്കപ്പെട്ട ശക്തി വെളിപ്പെടും. പര്യന്താവസ്ഥയല്ല ഒരുവനെ രൂപപ്പെടുത്തുന്നതു്. അതു് അവൻെറ രൂപത്തെ അവന്നു വെളിപ്പെടുത്തികൊടുക്കുക മാത്രം ചെയ്യാറുള്ളു. അധൎമ്മത്തിൻേറയും അതിനെ പിന്തുടൎന്നുവരുന്ന ദുഃഖത്തിൻേറയും പടിയിലേയ്ക്കു് ഒരുവനെ വലിച്ചു താഴ്ത്തുന്നതിന് അശുഭവിചാരങ്ങളല്ലാതെ വേറെ കാരണം ഉണ്ടായിരിപ്പാൻതരമില്ല. ധൎമ്മത്തിൻേറയും അതിൽ നിന്നുണ്ടാകുന്ന പരിശുദ്ധസുഖത്തിൻേറയും സ്ഥാനത്തേയ്ക്കു് ഒരുവനെ ഉയൎത്തിക്കൊണ്ടുപോകുന്നതിനും പരിശുദ്ധ വിചാരങ്ങളുടെ തുടൎന്നുകൊണ്ടുള്ള പരിശീലനമല്ലാതെ വേറെ കാരണം ഉണ്ടാവാൻ പാടില്ല. അതുകൊണ്ട് മനുഷ്യൻ വിചാരത്തിൻെറ നേതാവും അധിപതിയും എന്ന നിലയിൽ സ്വന്ത ജീവിതത്തിൻെറ നിൎമ്മാതാവും കാലദേശാവസ്ഥകളുടെ ശില്പിയും കൎത്താവുമാകുന്നു. ജനനകാലത്തുകൂടിയും ആത്മാവു് അതിന്നു അൎഹമായ സ്ഥാനത്തിൽ തന്നെ നില്ക്കുന്നു. എന്നിട്ടു ലോകയാത്രയിൽ അതു് ഓരോ അടി വയ്ക്കുമ്പോഴും സ്വന്ത സ്വഭാവത്തെ തന്നെ വെളിപ്പെടുത്തുന്ന വിശുദ്ധിയും അശുദ്ധിയും ബലവും ബലഹീനതയുമാകുന്ന അവസ്ഥകളുടെ സമൂഹത്തെ തന്നിലേയ്ക്കു് ആകൎഷിക്കുന്നു.

താൻ ആവശ്യപ്പെടുന്നതല്ല തനിക്കു വന്നുകൂടുന്നതു്; തൻെറ പരമാൎത്ഥമായ സ്വഭാവം ഏതോ അതാകുന്നു. തൻെറ താൽകാലികമായ ആഗ്രഹങ്ങൾ, മനോരഥങ്ങൾ, അത്യാശകൾ ഇവയെല്ലാം അടിക്കടി ഭംഗം നേരിട്ടുകൊണ്ടിരിക്കും. എന്നാൽ ആന്തരമായ വിചാരങ്ങളും ഇച്ഛകളും ശുദ്ധമൊ അ

Digitized By Kerala Sahitya Akademi

ശുദ്ധമൊ ആയ സ്വ സ്വാഭാവങ്ങളെ ആസ്വാദിപ്പിച്ചുകൊണ്ടും ഇരിക്കും. നമ്മുടെ പുരുഷാൎത്ഥത്തെ ഉരുപ്പിടിക്കുന്ന ദൈവം നമ്മിൽ തന്നെ ഇരിക്കുന്നു. അതു നമ്മുടെ ആത്മാവുതന്നെ ആകുന്നു. മനുഷ്യനെ അവൻ തന്നെ ജയിലിൽ കുടുക്കുന്നു. വിചാരവും പ്രവൃത്തിയുമാകുന്ന അദൃഷ്ടത്തിൻെറ കാരാധിപന്മാർ (ജയിൽ മേലധികാരികൾ) അവ ചീത്തയായിരിക്കുമ്പോൾ ഈ ബന്ധനത്തിൽ ചാടിക്കുന്നു. മോക്ഷം നല്കുന്ന ദേവതകളും അവതന്നെ. നല്ലതായാൽ അവ ബന്ധനത്തിൽ നിന്നു മോചിപ്പിക്കുന്നു. ഒരുത്തന് താൻ ആഗ്രഹിക്കുന്നതും പ്രാൎത്ഥിക്കുന്നതുമല്ല ലഭിക്കുന്നത്; താൻ ശരിയായി സമ്പാദിക്കുന്നതു മാത്രമാകുന്നു. ആഗ്രഹങ്ങളും പ്രാൎത്ഥനകളും വിചാരങ്ങളോടും ക്രിയകളോടും യോജിച്ചിരുന്നാൽ മാത്രമേ സഫലമാകുന്നുള്ളു.

ഈ തത്വത്തെ അനുസരിച്ചു നോക്കിയാൽ "പ്രതികൂലാവസ്ഥയോടു പോരാടുന്നു" എന്നു പറയുന്നതിന് അൎത്ഥം എന്തായിരിക്കും? അതിൻെറ അൎത്ഥം, ഒരുവൻ വെളിയിൽ കാണുന്ന കാൎയ്യത്തോടു നിരന്തരമായി എതിൎക്കുന്നു എന്നും, എന്നാൽ ഉള്ളിലുള്ള അതിൻെറ കാരണത്തെ പോററിപ്പുലൎത്തി വച്ചുകൊള്ളുന്നു എന്നും ആകുന്നു. ആ കാരണം ബുദ്ധിപൂൎവ്വമായ ഒരു ദോഷമോ അബുദ്ധിപൂൎവ്വമായ ഒരു ചാപല്യമോ ആയി പരിണമിച്ചിരിക്കാം. ഏതായാലും അതുള്ളവൻെറ യത്നങ്ങളെ എല്ലാം അതു കഠിനമായി തടുക്കുന്നു. പ്രതിവിധിയെ ആവശ്യപ്പെടുകയും ചെയ്യുന്നു.

മനുഷ്യൻ തൻെറ സ്ഥിതിയെ നന്നാക്കാൻ ധൃതികൂട്ടുന്നതല്ലാതെ തന്നെ നന്നാക്കാൻ മനസ്സു വയ്ക്കുന്നില്ല. അതുകൊണ്ട് അവൻ ബദ്ധനായിത്തന്നെ ഇരിക്കേണ്ടിവരുന്നു താൻ മനസ്സുവച്ചിരിക്കുന്ന കാൎയ്യത്തിനായി തന്നെത്താൻ ബലികൊടുപ്പാൻ മടിയില്ലാത്തവൻ ഒരിക്കലും അതിനെ സാധിക്കാതിരിക്കുന്നതല്ല. ഇതു ലൌകികകാൎയ്യങ്ങളിൽ എന്നപോലെ

Digitized By Kerala Sahitya Akademi

ആദ്ധ്യാത്മികകാൎയ്യങ്ങളിലും തുല്യമായിരിക്കുന്നു. പണം സമ്പാദിക്കുന്നതു തന്നെ പരമ പുരുഷാൎത്ഥമായി വിചാരിക്കുന്ന മനുഷ്യൻകൂടിയും അതിലേക്കായി വളരെ കഷ്ടതകൾ അനുഭവിപ്പാൻ സന്നദ്ധനായേ തീരൂ. അപ്പോൾ ശക്തിമത്തും ശാന്തവുമായ ഒരു ജീവിതത്തെ അനുഭവിപ്പാൻ ആഗ്രഹിക്കുന്നവൻ എത്ര അധികം അതിനു സന്നദ്ധനായിരിക്കണം?

ഇതാ ഒരു മഹാദരിദ്രൻ: അവന്റെ അവസ്ഥയേയും ഗൃഹവാസസുഖത്തേയും നന്നാക്കാൻ അവനു കലശലായ മോഹം. എന്നാൽ എപ്പോഴും അവൻ ജോലിയിൽ വലിയ അനാസ്ഥക്കാരൻ. ശമ്പളം കുറച്ചതുകൊണ്ട് യജമാനനെ തോല്പിപ്പാൻ നോക്കുന്നതു ന്യായമാണെന്ന് അവൻ കരുതുന്നു. വാസ്തവമായ ഐശ്വൎയ്യത്തിന്റെ മൂലതത്വങ്ങളുടെ എളുപ്പമായ അടിപാഠങ്ങൾപോലും അവൻ അറിയുന്നില്ല. അവൻ ദാരിദ്ര്യത്തിൽനിന്നു പൊങ്ങാൻ തീരെ യോഗ്യനല്ല; എന്നുമാത്രമല്ല അലസത, ചതി, അപൗരുഷം ഇവയെ സംബന്ധിച്ച വിചാരങ്ങളാൽ ഇതിനേക്കാൾ കഷ്ടതരമായ ദാരിദ്ര്യത്തെ നിശ്ചയമായും അവൻ ക്ഷണിച്ചു വരുത്തുകയും ആകുന്നു.

ഇതാ ഒരു ധനികൻ: അതിഭോജനംകൊണ്ട് അയാൾ ദുസ്സഹവും ദുൎന്നിവാരവുമായ രോഗത്തിന് ഇരയായിത്തീൎന്നിരിക്കുന്നു. ചികിത്സയ്ക്കു വലിയ സംഖ്യകൾ ചെലവാക്കാൻ ഒരുക്കമാണ്. എന്നാൽ അമിതഭോജനേച്ഛയെ വിട്ടുകളവാൻ അയാൾക്കു മനസ്സില്ല. ഗുരുവും പ്രകൃതിവിരുദ്ധവുമായ ആഹാരങ്ങൾകൊണ്ട് അയാൾക്കു ജിഹ്വയെ തൃപ്തിപ്പെടുത്തണം. ആരോഗ്യവും വേണം. ഇത്തരക്കാരന് അശേഷം ആരോഗ്യമുണ്ടാവാൻ തരമുള്ളതല്ല. എന്തുകൊണ്ടെന്നാൽ ആരോഗ്യത്തെ സംബന്ധിച്ച പ്രഥമപാഠങ്ങൾ പോലും ഇതുവരെ അയാൾ മനസ്സിലാക്കീട്ടില്ല.

Digitized By Kerala Sahitya Akademi

ഇതാ കൂലിക്കാരെക്കൊണ്ടു വേലചെയ്യിപ്പിക്കുന്ന ഒരു യജമാനൻ: ചട്ടപ്രകാരമുള്ള നിരക്കു കൂലികൊടുക്കാതെ കഴിച്ചുകൂട്ടാൻ വേണ്ട സൂത്രങ്ങൾ എല്ലാം അയാൾ പ്രയോഗിക്കയും, അധികലാഭം മോഹിച്ചുവേലക്കാൎക്കു കൂലികുറയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവൻ ഒരിക്കലും ധനികനാവാൻ യോഗ്യനല്ല. അവൻ തന്റെ പണത്തിനും യശസ്സിനും മുഴുവൻ നഷ്ടം നേരിടുമ്പോൾ പര്യന്താവസ്ഥയെ പഴിച്ചുതുടങ്ങുന്നു. തന്റെ ആ സ്ഥിതിയുടെ എല്ലാം പ്രണേതാവു താനാണെന്ന് അറിയുന്നില്ല. ഈ മൂന്നു ദൃഷ്ടാന്തങ്ങളും ഇവിടെ പറഞ്ഞതു് ഒരു മനുഷ്യന്റെസ്ഥിതികൾക്കു മിക്കവാറും അറിവോടുകൂടാതെയാണെങ്കിലും അവൻതന്നെയാണു് കാരണമെന്നും, ഉദ്ദേശങ്ങൾ നല്ലതായിരുന്നാൽ തന്നെയും അവയ്ക്കു യോജിക്കാത്ത വിചാരങ്ങൾക്കും ആഗ്രഹങ്ങൾക്കുംഇടംകൊടുത്താൽഅവയുടെ നിൎവ്വഹണത്തിനു നിരന്തരമായി ഭംഗംനേരിട്ടുകൊണ്ടിരിക്കുമെന്നും ഉള്ള വസ്തുതയെ വെളിവാക്കാൻ വേണ്ടിമാത്രമാകുന്നു. ഇങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ എത്രയെങ്കിലും ഉണ്ടാവാം. അവയെ ഒക്കെ എടുത്തു കാണിച്ചിട്ടാവശ്യമില്ല. വായനക്കാൎക്കുതന്നെ വേണമെങ്കിൽ അവരുടെ മനസ്സിലും ജീവിതത്തിലും വിചാരനിയമങ്ങൾ പ്രവൎത്തിക്കുന്ന ക്രമം കണ്ടുപിടിച്ചുകൊള്ളാം. അങ്ങനെ ചെയ്യുന്നതുവരെവെറും വെളിയിലുള്ള സംഗതികളെ ഊഹത്തിനു ഹേതുവായി ഉപയോഗപ്പെടുത്താവുന്നതുമല്ല.

ഒരുവന്റെ ആന്തരമായ സ്വഭാവത്തെമുഴുവൻ (അറിയാമായിരുന്നാൽ തന്നെയും) അവന്റെ ബാഹ്യാവസ്ഥ കണ്ടിട്ടുമാത്രം മററാരാൾക്കു തീൎച്ചപ്പെടുത്താൻപാടുള്ളതല്ല. ബാഹ്യാവസ്ഥകൾ അത്രസമ്മിശ്രവും, വിചാരം അത്ര അഗാധമായിവേരൂന്നീട്ടുള്ളതും, സുഖദുഃഖാവസ്ഥ ഓരോരുത്തൎക്കും അത്ര വളരെ ഭേദിച്ചിരിക്കുന്നതുമാകുന്നു. ചില സംഗതികളിൽ ഒരാൾ സത്യവാനായിരിക്കാം; എങ്കിലും അയാൾദാരിദ്ര്യം അനുഭവിച്ചു എന്നുവരാം. ചില സംഗതികളിൽ ഒരാൾ അവിശ്വ

Digitized By Kerala Sahitya Akademi

സ്ഥനായിരിക്കാം; എങ്കിലും ധനം സമ്പാദിക്കാം. എന്നാൽ ഒരാൾക്ക് തോൽവി പററുന്നത് അയാളുടെ നേരു കൊണ്ടാണെന്നും മററൊരാൾക്കു സമ്പത്തു വർദ്ധിക്കുന്നത് അയാളുടെ കപടം കൊണ്ടാണെന്നും സാധാരണയായി ചെയ്യുന്ന തീർമാനം വെറുംപുറമേയുള്ള ഗുണദോഷചിന്തയുടെ ഫലം മാത്രമാണ് അത്. ആ അസത്യവാൻ പ്രായേണ ഒന്നിനും കൊള്ളാത്ത വണ്ണം ദുഷിച്ചുപോയി എന്നും, ആ സത്യവാൻ മിക്കവാറും സകലഗുണസമ്പൂർണ്ണനാണെന്നുമുള്ള ഒരു ദുർധാരണയും കൂടി ഉണ്ടാകുന്നു. കുറേക്കൂടി ഗാഢമായ അറിവും വിശാലമായ അനുഭവബലവും ഉണ്ടാകുമ്പോൾ ആ മാതിരി തീർച്ചചെയ്യുന്നത് അബദ്ധമാണെന്നു മനസ്സിലാകും. ആ അസത്യവാനിൽ മററെ സത്യവാനില്ലാത്തതായ എന്തെങ്കിലും ഒരു വിശിഷ്ടഗുണം കാണും. ആ സത്യവാന് ആ അസത്യവാനില്ലാത്ത എന്തെങ്കിലും ഒരു നികൃഷ്ടമായ ദോഷവും കാണും. സത്യവാൻ തന്റെ സത്യമായ വിചാരങ്ങളുടെയും പ്രവൃത്തികളുടെയും ഫലം കൊയ്തെടുക്കുന്നു. തന്റെ ദോഷങ്ങളിൽ നിന്നുണ്ടാകുന്ന ദുഃഖങ്ങളെയും അനുഭവിക്കുന്നു. അസത്യവാനും അതുപോലെതന്നെ [illegible]ാനുഭവം ഉണ്ടാകുന്നു.

തന്റെ നന്മകൊണ്ടു താൻ ദുഃഖമനുഭവിക്കുന്നു എന്നു വിശ്വസിക്കുന്നതു മനുഷ്യന്റെ അവിവേകദശയിൽ രസമുള്ളതാണ്. എന്നാൽ ദുർബലവും ക്രൂരവും അശുദ്ധവുമായ സകലവിചാരങ്ങളെയും ഹൃദയത്തിൽ നിന്നു വേരോടെ പറിച്ചു കളകയും, പാപത്തിന്റെ കറകൾ അശേഷം ആത്മാവിൽ നിന്നു കഴുകി തുടച്ചു കളകയും ചെയ്യുന്നതുവരെ ദുഃഖങ്ങൾ ദുർഗ്ഗുണങ്ങളുടെ അല്ല സദ്ഗുണങ്ങളുടെ ഫലമാണെന്നു വിചാരിപ്പാനും പറവാനും ആർക്കും അർഹതയില്ലാത്തതാണ്. പരിപൂർണ്ണാവസ്ഥയിലേക്കു പോകുന്ന വഴിക്കും ആ അവസ്ഥയിൽ എത്തുന്നതിനു വളരെ മുൻകൂട്ടിത്തന്നെയും മനസ്സിലും ജീവിതത്തിലും കേവലം ന്യായസ്വരൂപവും മഹത്തുമായ ധർമ്മനിയമം

Digitized By Kerala Sahitya Akademi

വ്യാപരിച്ചുകൊണ്ടിരിക്കുന്നതു കാണാറാവും. അതു ഗുണത്തിന്നു പകരം ദോഷവും ദോഷത്തിന്നു പകരം ഗുണവുംനല്കും എന്നുള്ളതു സംഭാവ്യമല്ല. അങ്ങനെയുള്ള ജ്ഞാനം സിദ്ധിച്ചശേഷം കഴിഞ്ഞ കാലത്തെ അന്ധതയെയും അജ്ഞാനത്തെയും പററി ചിന്തിച്ചു നോക്കിയാൽ ജീവിതം ശരിയായ വ്യവസ്ഥയിൽ ഇരിക്കയാണെന്നും ഇരിക്കയായിരുന്നു എന്നും കഴിഞ്ഞ സകല ഗുണദോഷാനുഭവങ്ങളും വികസനവും എന്നാൽ അതുവരെ അവികസിതവുമായ ആത്മാവിന്റെ വളച്ചയ്ക്കു് ആവശ്യമായ ബാഹ്യവ്യാപാരങ്ങളാണെന്നും അപ്പോൾ അറിയാറാവും. നല്ല വിചാരങ്ങൾക്കും പ്രവൃത്തികൾക്കും ഒരിക്കലും ചീത്തഫലങ്ങളെ ഉല്പാദിപ്പിപ്പാൻ കഴികയില്ല. ചീത്ത വിചാരങ്ങൾക്കും പ്രവൃത്തികൾക്കും സൽഫലങ്ങളെ ഉല്പാദിപ്പിപ്പാനും ഒരിക്കലും കഴികയില്ല. അതു, നെല്ലു വിതച്ചാൽ നെല്ലും; നായ്ക്കുരണ വിതച്ചാൽ നായ്ക്കുരണയും തന്നെ ഉണ്ടാവും എന്നു പറയുന്നതുപോലെ തന്നെ ബാഹ്യലോകത്തിൽ ഈ നിയമത്തെ മനുഷ്യർ മനസ്സിലാക്കിയിട്ടുണ്ടു്. അതിനനുസരിച്ചു് പ്രവൎത്തിക്കുകയും ചെയ്യുന്നു. എന്നാൽ മാനസികവും ധാൎമ്മികവുമായ വിഷയത്തിൽ ഈ നിയമത്തിന്റെ വ്യാപാരം അതുപോലെതന്നെ സ്പഷ്ടവും അവ്യഭിചരിതവുമാണെങ്കിലും അതു് മനസ്സിലായിട്ടുള്ളവർ വളരെ വളരെ ചുരുങ്ങും. അതുകൊണ്ടാണു് ജനങ്ങൾ അതിനെ അനുസരിച്ചു പ്രവൎത്തിക്കാത്തതു്.

ദുഃഖം എല്ലായ്പോഴും ഏതെങ്കിലും വിഷയത്തിലുള്ള ദുൎവ്വിചാരത്തിന്റെ ഫലമാകുന്നു. അതു് ഒരുവൻ തനിക്കു (തന്റെ ഉൽപത്തി സ്ഥിതികൾക്കു ഹേതുഭൂതമായിരിക്കുന്ന നിയമത്തിനു) തന്നെ വിരുദ്ധമായ വിധത്തിൽ ജീവിക്കുന്നു എന്നുള്ളതിന്റെ സൂചനമാകുന്നു. ദുഃഖത്തിന്റെ മുഖ്യവും പരമവുമായ പ്രയോജനം നിരുപയോഗവും അശുദ്ധവുമായ സകലത്തെയും ശുദ്ധീകരിക്കയും ഭസ്മീകരിക്കയും ചെയ്യുക എന്നുള്ള

Digitized By Kerala Sahitya Akademi

താകുന്നു. പരിശുദ്ധനായി തീൎന്നവന്റെ ദുഃഖം അവസാനിക്കുന്നു. അഴുക്ക് അശേഷം പോയ സ്വൎണ്ണത്തെ ചുട്ടുപഴുപ്പിച്ചിട്ട് പ്രയോജനമില്ല. പൂൎണ്ണശുദ്ധിയും ജ്ഞാനവും ഉണ്ടായ ആത്മാവു് ദുഃഖിക്കയുമില്ല.

ഒരുവൻ കഷ്ടാവസ്ഥകളിൽ ചെന്നു കൂടുന്നതു് അവൻെറ സ്വന്തം മാനസികമായ പ്രതികൂലവ്യാപാരത്തിൻെറ ഫലമാകുന്നു. ഒരാൾ സുഖാവസ്ഥകളിൽ ചെന്നു കൂടുന്നതും അയാളുടെ മാനസികമായ അനുകൂലവ്യാപാരങ്ങളുടെ ഫലമാകുന്നു. സദ്വിചാരങ്ങളുടെ ഫലം സുഖമാണ്; സമ്പത്തല്ല. ദുൎവിചാരങ്ങളുടെ ഫലം ദുഃഖമാകുന്നു; ദാരിദ്ര്യമല്ല. ഒരുത്തൻ ഭാഗ്യഹീനനും ധനവാനുമായിരിക്കാം. മററൊരുവൻ ഭാഗ്യവാനും എന്നാൽ നിൎദ്ധനനും ആയിരിക്കാം. ഭാഗ്യവും സമ്പത്തും ഒത്തു ചേരുന്നതു് ധനത്തെ ശരിയായും ബുദ്ധിപൂൎവ്വമായും ഉപയോഗിക്കുമ്പോൾ മാത്രമാകുന്നു. നിൎദ്ധനൻ ദുഃഖത്തിൽ പ്രവേശിക്കുന്നതു് തൻെറ ദുൎവ്വിധി മൂലമാൽ വന്നു തലയിൽ കയറിയതാണെന്നു വിചാരിക്കുമ്പോൾ മാത്രവുമാകുന്നു.

ഏററവും പ്രിയപ്പെട്ട വിചാരങ്ങളുടെ ഫലാനുഭവത്തിൽ പ്രകൃതി ഓരോരുത്തനേയും സഹായിക്കും. നല്ലതും ചീത്തയുമായ വിചാരങ്ങളെ എത്രയും വേഗത്തിൽ ഹൃദയത്തിൽ ഉണ്ടാകുന്നതിനുള്ള അവസരങ്ങളും ഒന്നുപോലെ എല്ലാവൎക്കും സുലഭമാണ്.

ഒരുത്തൻ ദുഷ്ടവിചാരങ്ങൾ ഹൃദയത്തിൽനിന്നു് അശേഷം വിട്ടുകളകയാണെങ്കിൽ ലോകം മുഴുവൻ അവനോടു് രഞ്ജനയിൽ വൎത്തിക്കയും അവനെ സഹായിപ്പാൻ തയാറായി നിൽക്കയും ചെയ്യും. ക്ഷുദ്രവും, ദുർബലവുമായ വിചാരങ്ങൾ എല്ലാം തള്ളിക്കളഞ്ഞാൽ ദൃഢമായ നിശ്ചയങ്ങളെ സഫലമാക്കാനുള്ള സൌകൎയ്യങ്ങൾ ഉടനെ തുള്ളിച്ചാടി മുമ്പിൽ വരുന്നതു കാണാം. നല്ല വിചാരങ്ങളെ പോഷിപ്പിച്ചാൽ ഒരി

Digitized By Kerala Sahitya Akademi

ക്കലും ദുർവിധി, കഷ്ടതയിലും ജുഗുപ്സയിലും ഒരുത്തനെ നിത്യമായി ബാധിച്ചു നിറുത്തുന്നതല്ല. ലോകം ഒരു "ചിത്രദർശിനി" (Calidroscope) ആകുന്നു. ക്ഷണംപ്രതി മാറിമാറി അതിൽ കാണുന്ന വർണ്ണഭേദങ്ങൾ സദാ ചലിച്ചുംകൊണ്ടിരിക്കുന്ന സരസമാംവണ്ണം വെടിപ്പിക്കപ്പെട്ട വിചാരചിത്രങ്ങളുടെ ഛായകളുമാകുന്നു.

എങ്ങിനെ വിചാരിപ്പതങ്ങിനെയാകും മർത്ത്യ
നിങ്ങിവാസ്തവമറിഞ്ഞീടാതെ കുഴങ്ങുന്നോർ
കാലദേശാവസ്ഥയെന്നുള്ളൊരു വെറുവാക്കു
മൂലതത്വമായോർത്തു തൃപ്തിയെ നടിക്കുന്നു
നിന്ദിച്ചീടുന്നു ജ്ഞാനമതിനെയന്തരാത്മാ-
വെന്നുമേ താൻ കേവലം സ്വതന്ത്രനാകയാലേ
കാലത്തെയാത്മാ ജയിച്ചീടുന്നു ദേശത്തേയും
ചാലവേ വെന്നീടുന്നു; യദൃച്ഛയെന്നു ചൊല്ലും
ദുരഹങ്കാരമാന്ന ധൂർത്തനെയതുപോലെ
തമസാ നിർവ്വീര്യനാക്കീടുന്നു മഹാനാത്മാ
കാലദേശാവസ്ഥയാം ദുഷ്ടരാക്ഷസീ ദൌഷ്ട്യ
മേലുമാറാകാതെതൻചൊൽപടി നിൽത്തിയെന്നും
മുടിപ്പൊന്നഴിപ്പിച്ചിട്ടവളെ ദാസിയാക്കി
വിട്ടുവേലകൾചെയ്യിപ്പിക്കുന്നു മഹാനവൻ
അദൃശ്യവൈഭവമാന്നിടുന്ന മനശ്ശക്തി
വിദിതനിത്യാത്മാവിൻ സീമന്തസന്താനമാം
അതുതൻലക്ഷ്യത്തിങ്കൽ ചെന്നെത്തും തകർത്തുകൊ-
ണ്ടെതിരെ കരിങ്കല്ലിൻ കോട്ടകൾ തടഞ്ഞാലും
കാലതാമസം കണ്ടു കുണ്ഠിതം കലരായ്വി-
നാലോചിച്ചങ്ങിനെ വാണീടുന്നു വിവേകികൾ
നിശ്ചയമാത്മാവുണർന്നോകുന്ന ശാസനാക-
ളീശ്വരന്മാരും കേട്ടു വഴങ്ങിയെന്നോർക്കു.

—:*:—

Digitized By Kerala Sahitya Akademi

# അദ്ധ്യായം ൩.

## വിചാരവും ശരീരസ്ഥിതിയും.

ശരീരം മനസ്സിന്റെ ആജ്ഞയിൽ നില്ക്കയാണ്. അതു ബുദ്ധിപൂൎവ്വമോ സഹജമോ ആയ മനോവ്യാപാരങ്ങൾക്കെല്ലാം കീഴ്‌വഴങ്ങുന്നു. അധമവിചാരങ്ങൾക്കു കീഴ്പെടുമ്പോൾ ശരീരം രോഗത്തിൽ കുടുങ്ങുകയും ക്ഷീണിക്കയും ചെയ്യുന്നു. പ്രസന്നവും ശുഭവുമായ വിചാരങ്ങളാൽ ശരീരത്തിന്നു താരുണ്യവും സൌന്ദൎയ്യവും വൎദ്ധിക്കുന്നു.

രോഗവും ആരോഗ്യവും പരിതസ്ഥിതികൾ പോലെ തന്നെ വിചാരത്തിൽനിന്നാണുത്ഭവിക്കുന്നത്. അശുഭവിചാരങ്ങൾ അനാരോഗ്യത്തിന്റെ ഫലമാണ്. ഭയവിഷയമായ വിചാരങ്ങൾ മനുഷ്യരെ വെടിയുണ്ടപോലെ ശീഘ്രത്തിൽകൊല്ലുമെന്നുള്ളതു പ്രസിദ്ധമാകുന്നു. എത്രയോ ആയിരം ആളുകളെ ഇപ്പോഴും അങ്ങനെയുള്ള വിചാരങ്ങൾ അത്ര ശീഘ്രത്തിൽ അല്ലെങ്കിലും അതുപോലെ നിശ്ചയമായും കൊന്നുകൊണ്ടിരിക്കുന്നുമുണ്ട്. രോഗത്തെപ്പേടിച്ചു വാഴുന്ന ജനങ്ങളാണ് രോഗത്തിന്നിരയായിത്തീരാറുള്ളത്. ആധി ശരീരധാതുക്കളെ മുഴുവൻ ദുഷിപ്പിക്കയും വ്യാധിക്കു വാതൽ തുറന്നുകൊടുക്കയും ചെയ്യുന്നു. ദുൎവ്വിഷയത്തിൽ ശരീരം പെട്ടിട്ടില്ലെങ്കിൽകൂടിയും തൽസംബന്ധമായ വിചാരങ്ങളാൽ സിരാബന്ധങ്ങൾക്കു ശൈഥില്യം നേരിടുന്നതാണ്.

ശക്തിമത്തും ശുദ്ധവും സുഖകരവുമായ വിചാരങ്ങളാൽ ശരീരത്തിന്ന് ഓജസ്സും ലാവണ്യവും സിദ്ധിക്കുന്നു. ശരീരം മൃദുവും യഥേഷ്ടം ഉപയോഗിക്കാവുന്നതുമായ ഒരു ഉപകരണ



Digitized By Kerala Sahitya Akademi

മാണ്. അതിൽ പതിഞ്ഞിട്ടുള്ള വിചാരങ്ങൾക്കു തക്കവണ്ണം അതു ചേഷ്ടിക്കുന്നു. പരിചിതമായ വിചാരങ്ങൾ നല്ലതായാലും ചീത്തയായാലും അവയുടെ ഫലത്തെ ശരീരത്തിന്മേൽ വരുത്തുകയുംചെയ്യും.

മനസ്സിൽ അശുദ്ധവിചാരങ്ങളെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കാലംവരെ ശരീരത്തിൽ രക്തം, തുടന്നുകൊണ്ട് അശുദ്ധവും വിഷദൂഷിതവുമായിത്തന്നെ ഇരിക്കും. മനശ്ശുദ്ധിയിൽനിന്നാണ് ജീവിതശുദ്ധിയും ശരീരശുദ്ധിയും ഉണ്ടാകുന്നതു്. മനസ്സിന്റെ അശുദ്ധികൊണ്ടാണ് ജീവിതം അശുഭമായും ശരീരം ദോഷദൂഷിതമായും തീരുന്നത്. കർമ്മം, ജീവിതം, പരിണാമം ഇവയുടെ എല്ലാം ഉത്ഭവസ്ഥാനം വിചാരമാണ്. ഈ ഉത്ഭവസ്ഥാനത്തെ ശുഭമാക്കി സൂക്ഷിച്ചുകൊണ്ടാൽ എല്ലാം ശുദ്ധമായിരിക്കും.

വിചാരങ്ങളെ മാററാത്ത ആൾ ആഹാരസാധനങ്ങളെ മാററിയതുകൊണ്ടു ഗുണമൊന്നുമില്ല. വിചാരങ്ങളെ ശുഭമാക്കിയാൽപിന്നെ അശുദ്ധാഹാരങ്ങളിൽ പ്രീതിതോന്നുന്നതുമല്ല.

ശുദ്ധവിചാരങ്ങൾകൊണ്ടു ശുചിത്വമുണ്ടാകുന്നു. കുളിക്കാത്ത യോഗിവേഷധാരികൾ യോഗികളല്ല. വിചാരത്തെ ശക്തിമത്തും പരിശുദ്ധവുമാക്കി ചെയ്തിട്ടുള്ളമഹാൻ അപായകരങ്ങളായ സാംക്രമികരോഗാണുക്കളെ കൂട്ടാക്കേണ്ടതില്ല.

ശരീരത്തെ സംരക്ഷിക്കണമെങ്കിൽ മനസ്സിനെ സൂക്ഷിച്ചുകൊള്ളുക; ശരീരത്തെ പുതുപ്പിക്കേണമെങ്കിൽ മനസ്സിനെ രമ്യമാക്കുക. ദ്രോഹം, അസൂയ, കുണ്ഠിതം, നൈരാശ്യം ഇവ ശരീരത്തിന്റെ ആരോഗ്യസൗന്ദര്യങ്ങളെ അപഹരിച്ചുകളയും. മുഖത്തിന്റെ രൂക്ഷത ഒരാൾക്കു് യദൃച്ഛയായി വരുന്നതല്ല രൂക്ഷവിചാരങ്ങളിൽനിന്നുണ്ടാകുന്നതാകുന്നു. മുഖശ്രീക്കു ഹാനികരമായ വരികൾ മൌഢ്യം രാഗദ്വേഷങ്ങൾ, ദുരഭിമാനം ഇവയാൽ ഉണ്ടാകുന്നതാകുന്നു.

Digitized By Kerala Sahitya Akademi

തൊണ്ണൂറഞ്ചു വയസ്സായ ഒരു വൃദ്ധയെ എനിക്കറിയാം. അവരുടെ മുഖം ഒരു പെൺകുട്ടിയുടെ നിഷ്കപടമായ മുഖംപോലെ പ്രസന്നമായിരിക്കുന്നു. ഒരു നല്ല ചെറുപ്രായക്കാരനായ മനുഷ്യനേയും എനിക്കറിയാം. അയാളുടെ മുഖം തോറ്റമാറ്റായുള്ള അനേകം വരികൾകൊണ്ടു വിരൂപമായിരിക്കുന്നു. അത്യന്തം മധുരവും പ്രസന്നവുമായ സ്വഭാവത്തിന്റേയും ഒട്ടുവിൽ പറഞ്ഞത് രാഗദ്വേഷങ്ങൾ അതൃപ്തി ഇവയുടേയും ഫലമാകുന്നു. വാസസ്ഥലം സുഖമായും ശുചിയായും ഇരിക്കേണമെങ്കിൽ, മുറികളിലെല്ലാം കാററും സൂര്യപ്രകാശവും ധാരാളം കടപ്പാൻ അനുവദിക്കേണ്ടതാണല്ലോ. അതുപോലെ ശരീരദാർഢ്യവും പ്രസാദം സന്തുഷ്ടി ഇവയോടുകൂടിയ മുഖഭാവവും, മനസ്സിൽ സന്തോഷം, പരഹിതബുദ്ധി, സമാധാനം ഇവ നിറഞ്ഞ വിചാരങ്ങളെ ധാരാളം കടത്തിവിടുന്നതിൽനിന്നു മാത്രമേ ഉണ്ടാവു.

വൃദ്ധന്മാരുടെ മുഖത്ത് പലമാതിരി വരികൾ കാണാം. ചിലതിൽചിലത് അനുകമ്പയുടേയും മററുചിലതു സ്ഥിരവും ശുദ്ധവുമായ വിചാരത്തിന്റേയും വേറെചിലതു രാഗദ്വേഷങ്ങളുടേയും അടയാളമാകുന്നു. ഇവയെ ആക്കുംതിരിച്ചറിഞ്ഞുകൂടാ; ധർമ്മനിഷ്ഠരായി ജീവിതം നയിച്ചവൎക്കു വാൎദ്ധക്യം സൂൎയ്യാസ്തമയംപോലെ ശാന്തവും സമാധാനയുക്തവും, സൌമ്യവുമായ ഒരു പരിണാമമാണു്. ഒരു തത്വജ്ഞാനി മരണശയ്യയിൽ കിടക്കുന്നതു് ഞാൻ ഈയിടെ കണ്ടു. അദ്ദേഹം പ്രായംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും വൃദ്ധനല്ലായിരുന്നു. അദ്ദേഹം മരിച്ചതു ജീവിച്ചിരുന്നാലത്തെപ്പോലെതന്നെ സുഖത്തോടും സമാധാനത്തോടുംകൂടി ആയിരുന്നു.

ശരീരത്തിലെ രോഗങ്ങളെ നീക്കുന്നതിനു മാനസോല്ലാസത്തെപ്പോലെ അത്ര നല്ല ചികിത്സകൻ വേറെ ഇല്ല. വിഷാദം വ്യസനം ഇവയുടെ ലാഞ്ഛനങ്ങളെ ഹൃദയത്തിൽനിന്ന് ആട്ടിയകററിക്കളയുന്നതിനു പരഹിതകാംക്ഷയെപ്പോലെ

Digitized By Kerala Sahitya Akademi

അത്ര നല്ല സാന്ത്വനക്കാരൻ വേറെ ഇല്ല. ഇടവിടാതെ ദ്രോഹചിന്ത, പരനിന്ദ, സംശയം, അസൂയ ഇവ നിറഞ്ഞ വിചാരങ്ങളോടുകൂടി ജീവിച്ചിരിക്കുന്നത് സ്വയംകൃതമായ ഒരു ചാറാവിൽ തന്നെത്താൻ അടച്ചുപൂട്ടി താമസിക്കുന്നതിനു തുല്യമാകുന്നു. മറിച്ച്, എല്ലാവരേയുംപററി ഗുണമായി ചിന്തിക്ക, എല്ലാവരോടും സന്തോഷപൂർവ്വം വർത്തിക്ക, എല്ലാവരുടേയും ഗുണത്തെ മാത്രം ഗ്രഹിപ്പാൻ ക്ഷമയോടുകൂടി പഠിക്ക ഇങ്ങിനെയുള്ള അസ്വാത്മമായ വിചാരങ്ങൾ സാക്ഷാൽ സ്വർഗ്ഗത്തിൻെറ വാതിലുകളും ആകുന്നു. എല്ലാ ജന്തുക്കളുടേയും നേരേ സമാധാനപൂർവ്വമായ വിചാരങ്ങളോടുകൂടി ദിവസംപ്രതി ജീവിതം കഴിച്ചുകൂട്ടുന്ന ശീലം ഒരുത്തന് അളവററ വിശ്രമസുഖത്തെ നല്കുന്നതാകുന്നു.

---

Digitized By Kerala Sahitya Akademi

# അദ്ധ്യായം

## വിചാരവും സങ്കല്പവും.

വിചാരത്തെ സങ്കല്പത്തോടു ഘടിപ്പിക്കാതെ ഒരു കാൎയ്യത്തിൻെറയും ബുദ്ധിപൂൎവ്വമായ നിൎവ്വഹണം സാദ്ധ്യമല്ല. അധികജനങ്ങളുടേയും വിചാരമാകുന്ന തോണി ജീവിതസമുദ്രത്തിൽ അമരക്കാരനില്ലാതെ അലഞ്ഞുതിരികയാകുന്നു. ലാക്കില്ലായ്മ ഒരു ദുർഗ്ഗുണമാണ്. അപകടവും അപായവും കൂടാതെ ജീവിതയാത്ര ചെയ്യണമെന്നാഗ്രഹിക്കുന്നവർ വിചാരത്തെ അങ്ങനെ അലഞ്ഞുതിരിവാൻ സമ്മതിക്കരുത്

ജീവിതത്തിൽ പ്രധാനമായ ഒരു സങ്കല്പം (ഉദ്ദേശ്യം) ഇല്ലാത്തവർ എളുപ്പത്തിൽ നിസ്സാരമായ മനഃപീഡ, ഭയം, ദുഃഖം, കൃപണത ഇവയ്ക്കു ഇരയായിത്തീരുന്നു. ഇപ്പറഞ്ഞവയെല്ലാം ദൌർബല്യത്താൽ ഉണ്ടാകുന്നവയാണ്. അവയെല്ലാം മനഃപൂൎവ്വമായി ചെയ്ത പാപകൎമ്മങ്ങൾപോലെ തന്നെ നിശ്ചയമായും (മററൊരുമാർഗ്ഗത്തിലൂടെ ആണെങ്കിലും) അപജയം, അസുഖം, നാശം ഇവയിൽ കൊണ്ടുവിടുന്നതാകുന്നു. എന്തുകൊണ്ടെന്നാൽ ശക്തികളെ മാത്രം ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മാണ്ഡത്തിനുള്ളിൽ ദൌർബല്യത്തിന് ഇടഞ്ഞുനിൽപ്പാൻ കഴിയുന്നതല്ല.

ന്യായമായ ഏതെങ്കിലും ഒരു സംഗതിയെ ഉള്ളിൽ സങ്കല്പിച്ച്, അതിൻെറ നിൎവ്വഹണത്തിന്നായി ഓരോരുത്തനും യത്നിക്കേണ്ടതാകുന്നു. ആ സങ്കല്പത്തെ തൻെറ എല്ലാ വിചാരങ്ങളുടേയും കേന്ദ്രമായി വെച്ചുകൊള്ളണം. സങ്കല്പം ആദ്ധ്യാത്മമായ ഏതെങ്കിലും നിഷ്ഠയെ സംബന്ധിച്ചുള്ളതായിരിക്കാം. അല്ലെ

Digitized By Kerala Sahitya Akademi

ങ്കിൽ ഏതെങ്കിലും ലൌകികവിഷയത്തെ സംബന്ധിച്ചുള്ളതായിരിക്കാം. അത് അവനവന്റെ തൽക്കാലത്തെ മനോഭാവം അനുസരിച്ച് എന്തെങ്കിലും ആയിരുന്നുകൊള്ളട്ടെ. ഏതു തന്നെ ആയാലും താൻ പിടിച്ച ആ സങ്കല്പത്തിന്മേൽ വിചാരശക്തികളെ മുഴുവൻ സ്ഥിരമായി പ്രയോഗിക്കണം. ആ സങ്കല്പത്തെ തന്നെ പരമമായ കർത്തവ്യമാക്കിക്കൊള്ളണം. വിചാരങ്ങളെ അസ്ഥിരമായ മനോരാജ്യങ്ങളിലും ആഗ്രഹങ്ങളിലും വിഭാവനകളിലും തെണ്ടിനടപ്പാൻ സമ്മതിക്കാതെ ആ സങ്കല്പത്തെ നിറവേറ്റുന്നതിൽതന്നെ നിങ്ങൾ ബലശ്രദ്ധരായിരിക്കുകയും വേണം. ആത്മസംയമനത്തെഅല്ലെങ്കിൽമനോനിയമനത്തെ പ്രാപിക്കുന്നതിനുള്ള രാജമാർഗ്ഗമിതാകുന്നു. സംഗതി സാധിക്കാതെ വീണ്ടും വീണ്ടും ശ്രമത്തിൽതോൽവികൾ നേരിട്ടാലും (ദൌർബല്യത്തെ മുഴുവൻ ജയിക്കുന്നതുവരെ അവശ്യമായും അങ്ങനെ വരുന്നതാണ്.)അതുകൊണ്ടു ലഭിക്കുന്ന സ്ഥിരനിഷ്ഠാശീലംതന്നെ യഥാർത്ഥമായ ഒരു വിജയമാണ്. അതു ഭാവിയായ ശക്തിക്കും വിജയത്തിന്നും കാരണാന്തരമായിത്തീരുന്നതുമാകുന്നു.

വലിയ സങ്കല്പങ്ങൾക്കൊന്നിനും താല്പര്യമില്ലാത്തവർ വിചാരങ്ങളെ അവരുടെസ്വന്ത കർത്തവ്യകർമ്മങ്ങളിന്മേൽ (അവ എത്ര നിസ്സാരമായിരുന്നാലും വേണ്ടില്ല)ദൃഢമായി നിറുത്തണം. വിചാരങ്ങളെ സ്വരൂപിച്ചു ഏകാഗ്രപ്പെടുത്താനും, മനശ്ശക്തിയെയും നിശ്ചയദാർഢ്യത്തെയും പുഷ്ടിപ്പെടുത്താനും ഇതൊരു മാർഗ്ഗമേയുള്ളൂ.ഇതു സാധിച്ചാൽ പിന്നെ അസാദ്ധ്യമായി ഒന്നും കാണുകയില്ല.

അതി ദുർബ്ബലമായ മനസ്സു കൂടിയും അതിന്റെ ദൌർബ്ബല്യത്തെ ഓർമ്മിക്കുകയും, ശക്തി വർദ്ധിപ്പിപ്പാൻ അദ്ധ്വാനവും അഭ്യാസവും ഉണ്ടെങ്കിൽ മാത്രമേ സാധിക്കൂ എന്നു വിശ്വസിക്കയും ചെയ്താൽ ഉടനെ അതു അതിന്നായി യത്നിക്കുന്നതാണ്; അങ്ങനെ യത്നിച്ചു യത്നിച്ചു ക്ഷമയേയും ശക്തി

Digitized By Kerala Sahitya Akademi

യേയും വദ്ധിപ്പിച്ചു നിരന്തരമായി അതു് പുഷ്ടിപ്പെടുകയും ഒടുവിൽ അത്ഭുതകരമായ ശക്തി സമ്പാദിക്കുകയും ചെയ്യും.

ദുർബ്ബലന്മാർ ബുദ്ധിപൂർവ്വം കായികവ്യായാമങ്ങളെ ശീലിച്ചു ക്ഷമയോടുകൂടി അഭ്യസിക്കുന്നതുകൊണ്ടു ബലവാന്മാരായിത്തീരുന്നതുപോലെ ദുർബല മനസ്കന്മാരും നല്ല വിചാരങ്ങളെ നിരന്തരമായും ക്ഷമയോടുകൂടിയും അഭ്യസിച്ചാൽ അവരുടെ മനസ്സുകൾ ശക്തിമത്തുക്കളായിത്തീരുന്നതാണു്.

ലാക്കില്ലായ്മയും ദൌർബ്ബല്യവും വിട്ടുകളകയും, ഉദ്ദേശത്തോടുകൂടി മനസ്സിനെ വ്യാപരിപ്പിപ്പാൻ തുടങ്ങുകയും ചെയ്യുന്നതു്, തോൽവിയെ വിജയത്തിൻെറ പല കാരണങ്ങളിൽ ഒന്നായി പരിഗണിക്കയും, എല്ലാ അവസ്ഥകളെയും അനുകൂലാവസ്ഥകളായി കാണുകയും, സംഗതികളെപ്പററി ശക്തിയോടെ വിചാരിക്കയും, നിർഭയമായി യത്നിക്കയും, സാമത്ഥ്യത്തോടുകൂടി അവയെ നിവ്വഹിക്കയും ചെയ്യുന്ന ശക്തിമാന്മാരായ മഹാന്മാരുടെ പദവിയിലേക്കു കാലുവയ്ക്കുകയാകുന്നു. സങ്കല്പത്തെ മനസ്സിൽ കരുതിക്കഴിഞ്ഞാൽ അതിൻെറ നിവ്വഹണത്തിനായി ഇടവും വലവും തിരിഞ്ഞുനോക്കാതെ ചൊവ്വേയുള്ള ഒരു വഴി മനസ്സുകൊണ്ടു കുറിക്കണം. സംശയം, ഭയം ഇവകളെ അശേഷം ദൂരെ തള്ളിക്കളയണം; അവകളാണു് പ്രധാനപ്രതിബന്ധങ്ങൾ. ചൊവ്വേയുള്ള പ്രയത്നമാർഗ്ഗത്തെതടുത്തു് അതിനെ കുടിലവും കിഞ്ചിൽകരവും നിരുപയോഗവുമാക്കുന്നതു് അവകളാണു്. സംശയവും ഭയവുമുള്ള മനസ്സു് ഒരിക്കലും ഒരു കാര്യവും സാധിച്ചിട്ടില്ല; ഒരിക്കലും അതിനു് സാധിപ്പാൻകഴികയുമില്ല. സംശയവും ഭയവും എപ്പോഴും തോൽവിക്കു വഴി കാട്ടിക്കൊടുക്കുന്നു. അവ ഉള്ളിൽ കടന്നുകൂടിയാൽ സങ്കല്പം, വീര്യം, കൃത്യശക്തി മുതലായ പ്രൌഢമനോധമ്മങ്ങൾ എല്ലാം നിലച്ചുപോകുന്നു. പ്രവൃത്തിയിൽ ഇച്ഛയുണ്ടാകുന്നതു തനിക്കുകഴിയുമെന്നുള്ള ജ്ഞാനത്തിൽനിന്നാകുന്നു.

Digitized By Kerala Sahitya Akademi

സംശയവും ഭയവും ജ്ഞാനത്തിൻെറ വൈരികളാണ്. അവ യെ ധ്വംസിക്കാതെ വെച്ചു പോററുന്നത് തൻെറ മേൽ ഗതിയെ താൻതന്നെ തടുക്കുകയാകുന്നു.

സംശയത്തെയും ഭയത്തെയും ജയിച്ചവൻെറ മുമ്പിൽ തോൽവി തലപൊക്കുന്നതല്ല. അവൻെറ ഓരോ വിചാരത്തി ലും ശക്തികൾ എപ്പോഴും സംഘടിച്ചിരിക്കും. എല്ലാ വിപ ത്തുകളെയും അവൻ ധീരതയോടെ നേരിടുകയും ബുദ്ധിപൂർവ്വ മായി ജയിക്കയും ചെയ്യും. അവൻെറ സങ്കല്പങ്ങൾ കാലം തെററാതെ നട്ട ചെടികൾപോലെ പുഷ്ടിയെ പ്രാപിക്കും. അവ ക്ലിപ്തകാലത്തിൽ പൂക്കുകയും പാകമാകുംമുമ്പെ പൊഴി ഞ്ഞു നിഷ്പ്രയോജനമായിപ്പോകാത്ത സൽഫലങ്ങളെ നൽ കുകയുംചെയ്യും.

സങ്കല്പത്തോടു നിർഭയമായി യോജിച്ചുനില്ക്കുന്ന വിചാ രം സൃഷ്ടിശക്തിയായിത്തീരുന്നു. ഈ തത്വം അറിഞ്ഞവൻ വെറും മനശ്ചാഞ്ചല്യത്തിൻെറയും ഇന്ദ്രിയചാപല്യങ്ങളുടെയും ഒരു ഭാണ്ഡം മാത്രമായിട്ടു ജീവിച്ചിരിക്കയില്ല. അതിനെക്കാൾ ഉയർന്നതും ബുദ്ധിമത്തുമായ വസ്തുവായിത്തീരാൻ സന്നദ്ധ നായിരിക്കും. അങ്ങനെചെയ്യുന്നവൻ മനശ്ശക്തികളെ ബുദ്ധി പൂർവ്വം വിനിയോഗിക്കുന്ന നിയോക്താവായും തീരും.

---

Digitized By Kerala Sahitya Akademi

# അദ്ധ്യായം ൮.

## വിചാരവും കാൎയ്യസിദ്ധിയും.

—:*:—

ഒരുവനുണ്ടാകുന്ന എല്ലാ കാൎയ്യസിദ്ധികളും എല്ലാ തോൽവികളും ശരിയായും അവന്റെ വിചാരങ്ങളുടെ ഫലമാകുന്നു. ഒന്നിന്റെ സമനില തെറ്റിയാൽ സൎവ്വത്തിന്നും നാശമുണ്ടാകത്തക്കവണ്ണം ഓരോന്നും അത്ര ക്രമപ്പെടുത്തി വെക്കപ്പെട്ടിരിക്കുന്ന ഈ പ്രപഞ്ചത്തിൽ ഓരോന്നിന്നും അവശ്യമായും അതാതിന്റെ ഉത്തരവാദിത്വം ഉണ്ടായിരിക്കണം. ഒരാൾക്കുള്ള ബലവും ബലഹീനതയും ശുദ്ധിയും അശുദ്ധിയും എല്ലാം അയാളുടെ സ്വന്തംതന്നെ ആയിരിക്കണം. മറ്റൊരാളുടേതല്ല. അവയെ അയാൾതന്നെ ഉണ്ടാക്കിയതാണ്. മറ്റൊരുത്തനുണ്ടാക്കിയതല്ല. അവയെ ഭേദപ്പെടുത്താനും അയാൾക്കേ കഴിയൂ; മറ്റൊരാൾക്ക കഴികയില്ല. തന്റെ സ്ഥിതിയും തന്റേതുതന്നെയാണ്; മറ്റൊരുത്തന്റേതല്ല. തന്റെ സുഖദുഃഖാനുഭവങ്ങളും തന്റെ ഉള്ളിൽ നിന്നുതന്നെ ആവിൎഭവിച്ചിട്ടുള്ളതാകുന്നു. താൻ എങ്ങിനെ വിചാരിക്കുന്നുവോ അങ്ങിനെയിരിക്കുന്നു. തന്റെ വിചാരം എങ്ങിനെ തുടൎന്നുകൊണ്ടിരിക്കുന്നുവോ അതുപോലെതന്നെ താൻ ജീവിക്കയും ചെയ്യുന്നു.

ബലവാൻ ബലഹീനനെ സഹായിപ്പാൻ, അയാൾ സഹായം കിട്ടണമെന്ന് ആഗ്രഹിക്കുമ്പോളല്ലാതെ സാധിക്കുന്നതല്ല. അപ്പോഴും ബലഹീനൻ സഹായത്താൽ ബലവാനാകുന്നത് നിശ്ചയമായും തന്നത്താൻ അങ്ങിനെയാവാൻ അയാൾ വിചാരിച്ചിട്ടാകുന്നു. മറ്റൊരുത്തനിൽ കണ്ടിട്ട് ആശ്ചൎയ്യം തോന്നുന്ന ബലം തന്നിൽ വൎദ്ധിപ്പിച്ചാൽ കൊള്ളാമെന്നു

Digitized By Kerala Sahitya Akademi

വിചാരിച്ചു ശ്രമിച്ചെങ്കിൽ മാത്രമേ തനിക്കുണ്ടാവൂ. അവനവന്റെ സ്ഥിതിയെ മാററാൻ അവനവനു മാത്രമെ കഴിയൂ.

ഒരുത്തൻ അക്രമിയായ കാരണത്താൽ അനേകംപേർ അവന്റെ അടിമകളായി തീൎന്നിരിക്കുന്നു എന്നും ആ അക്രമിയെ നാം വെറുക്കേണ്ടതാണെന്നും ജനങ്ങൾ സാധാരണമായി പറകയും വിചാരിക്കയും ചെയ്തുവരുന്നു. എന്നാൽ ഈ നിൎണ്ണയത്തിന്നു വിരോധമായി ഒരുത്തൻ അക്രമിയായിത്തീൎന്നതു് അനേകംപേർ അടിമകളായിരിക്കുന്നതിനാലാണെന്നും ആ അടിമകളെ (സ്വബുദ്ധിയില്ലാത്ത ജനങ്ങളെ) നാം വെറുക്കേണ്ടതാണെന്നും ഈയിടെ ഏതാനും ചിലർ വിചാരിപ്പാൻ തുടങ്ങിയിരിക്കുന്നതായി കാണുന്നുണ്ടു്. അവരുടെ എണ്ണംവൎദ്ധിച്ചുവരികയും ചെയ്യുന്നു. വാസ്തവത്തിൽ അക്രമികളും അടിമകളും അറിയാതെ അന്യോന്യം സഹായിക്കയാണു്. കാഴ്ചയിൽ അവർ അങ്ങോട്ടുമിങ്ങോട്ടും ദ്രോഹം ചെയ്കയാണെന്നു തോന്നിയാലും താന്താങ്ങൾക്കുതന്നെ ദ്രോഹം ചെയ്കയാണു്; അതാണു സത്യം. പൂൎണ്ണമായ ജ്ഞാനദൃഷ്ടികൊണ്ടു നോക്കിയാൽ, അക്രമത്തിന്നു കീഴടങ്ങിയവരുടെ ബലഹീനതയിലും അക്രമികളുടെ ദുർവിനിയോഗം ചെയ്തിരിക്കുന്ന ബലത്തിലും ക്രിയാനിയമം ഒന്നുപോലെ പ്രവൎത്തിക്കുന്നതായി കാണാം. പൂൎണ്ണമായ സ്നേഹദൃഷ്ടികൊണ്ടു നോക്കിയാൽ, രണ്ടവസ്ഥയും ദുഃഖകരമാണെന്നു കാണുന്നതുകൊണ്ടു് ഒരു കൂട്ടരിലും വെറുപ്പു തോന്നുകയില്ല. പൂൎണ്ണാനുകമ്പയുള്ള ഹൃദയം അക്രമിയെയും അക്രമത്തിനു കീഴ്പ്പെട്ടവരെയും ഒന്നുപോലെ ആശ്ലേഷിക്കയും ചെയ്യും.

ബലഹീനതയെ ജയിക്കയും സ്വാൎത്ഥവിചാരത്തെ അശേഷം ത്യജിക്കയും ചെയ്തിട്ടുള്ള ഒരുവൻ അക്രമിയായിരിക്കയോ അക്രമത്തിന്നു കീഴ്പ്പെടുകയോ ചെയ്യുന്നതല്ല. അവനാണു് സ്വതന്ത്രൻ.

Digitized By Kerala Sahitya Akademi

വിചാരങ്ങളുടെ നിലയെ ഉയർത്തിയെങ്കിൽ മാത്രമേ ഉന്നതിയും ജയവും കാര്യസിദ്ധിയും ഉണ്ടാവൂ. അങ്ങനെ ചെയ്യാത്തവൻ എന്നേക്കും ബലഹീനനായും നിന്ദ്യനായും ദുഃഖിതനായും തന്നെയിരിക്കും.

ഒരാൾക്കു ഏതെങ്കിലും ലൌകിക കാര്യങ്ങൾതന്നെ സാധിക്കേണമെങ്കിൽ ആദ്യമേ വിചാരങ്ങളെ ജന്തു സാധാരണമായ ഭോഗേച്ഛയുടെ ആവേശത്തിൽനിന്ന് അയാൾ വിടുത്തിവക്കേണ്ടതാണ്. കാര്യസിദ്ധിയുണ്ടാകുന്നതിനായി ജന്തുസ്വഭാവവും സ്വാർത്ഥതയും അശേഷം വെടിഞ്ഞേതീരൂ എന്നില്ല. എന്നാൽ അതിൻെറ ഒരംശമെങ്കിലും വെടിഞ്ഞേ കഴിയൂ. ഒരുത്തൻെറ പ്രധാന ചിന്ത മൃഗസാധാരണമായ ലോകസുഖങ്ങളനുഭവിക്കുന്നതിലാണെങ്കിൽ അവന്ന് ഒരു സംഗതിയെപ്പറ്റി ബുദ്ധിതമായി വിചാരിപ്പാനൊ ക്രമമായി അതിനെ നിർണ്ണയിപ്പാനോ സാധിക്കയില്ല. അവൻെറ ഉള്ളിൽ അടങ്ങിക്കിടക്കുന്ന ശക്തികളെ കാണുകയോ അവയെ വർദ്ധിപ്പിക്കയോ ചെയ്യാൻ അവന്നു കഴികയില്ല. അതുകൊണ്ട് അവൻ ഏർപ്പെടുന്ന സംഗതികളിലൊക്കെ തോൽവിയുണ്ടാകും. വിചാരങ്ങളെ പൌരുഷംകൊണ്ടു നിയമനംചെയ്വാൻ ശീലിച്ചിട്ടില്ലാത്തതിനാൽ അവന്നു കാര്യഭരണത്തിനും ഗൌരവമുള്ള കൃത്യങ്ങളിൽ ചുമതല ഏൽക്കുന്നതിനും ത്രാണിയില്ലാതെ ആയിത്തീരുന്നു. സ്വമേധയായി ഏതെങ്കിലും ഒന്നു പ്രവർത്തിപ്പാനൊ സ്വാതന്ത്ര്യത്തോടെ ഏതിലെങ്കിലും തലയിട്ടു നില്പാനൊ അവന്ന് യോഗ്യതവരുന്നില്ല. എന്നാൽ തനിക്കുള്ള ഈ പ്രതിബന്ധമെല്ലാം അയാൾ തന്നത്താൻ സ്വീകരിച്ചിട്ടുള്ള വിചാരങ്ങളാൽമാത്രം ഉണ്ടായിട്ടുള്ളതുമാകുന്നു.

ത്യാഗം കൊണ്ടല്ലാതെ ഒരു അഭിവൃദ്ധിയും ഒരു കാര്യസിദ്ധിയും ആക്കും ഉണ്ടാകുന്നതല്ല. ഒരുത്തന് ഐഹിക കാര്യങ്ങളിലുണ്ടാകുന്ന നേട്ടങ്ങളെല്ലാം രാഗദ്വേഷസമ്മിശ്ര

Digitized By Kerala Sahitya Akademi

മായ വിചാരങ്ങളെ ത്യജിക്കുന്നതിൻെറയും ഉദ്ദിഷ്ട സംഗതിയുടെ നിർവ്വഹണത്തിൽ മനസ്സിനെ ഏകാഗ്രപ്പെടുത്തുന്നതിൻെറയും നിശ്ചയബുദ്ധിയേയും ആത്മവിശ്വാസത്തേയും ബലപ്പെടുത്തുന്നതിൻെറയും തോതനുസരിച്ച് മാത്രമായിരിക്കുന്നതാണ്. വിചാരങ്ങളെ എത്ര ഉയൎന്ന വിഷയങ്ങളിലേക്ക് കൊണ്ടുപോകുന്നുവൊ അത്ര അധികം പൌരുഷവും നിഷ്കപടതയും, ധൎമ്മനിഷ്ഠയും ഒരുവനുണ്ടാകുന്നതാണ്. അവൻെറ വിജയങ്ങൾ അത്ര വലുതായും കാൎയ്യസിദ്ധികൾ അത്രയധികം ഭാഗ്യയുക്തമായും സ്ഥിരമായും ഇരിക്കുന്നതുമാണ്.

അത്യാഗ്രഹിയൊ അസത്യവാനൊ അധൎമ്മിഷ്ഠനൊ ആയ ഒരുവന് ഈ ലോകം പുറമേ അനുകൂലിക്കുന്നതായി ചിലപ്പോൾ തോന്നിയാലും വാസ്തവത്തിൽ അനുകൂലിക്കുന്നതല്ല. സത്യനിഷ്ഠനും വിശാല ഹൃദയനും ധൎമ്മതൽപരനുമായ മനുഷ്യനുമാത്രമേ ലോകം അനുകൂലിക്കുന്നുള്ളു. ലോകത്തെങ്ങുമുണ്ടായിട്ടുള്ള ആചാൎയ്യന്മാരെല്ലാം ഈ വസ്തുതയെ പല പ്രകാരത്തിൽ വിളിച്ചുപറഞ്ഞിട്ടുണ്ട്. അതിനെ തെളിയിക്കുകയൊ അനുഭവിച്ചറികയൊ ചെയ്യുന്നതിന് വിചാരങ്ങളെ ഉൽകൃഷ്ടവിഷയങ്ങളിലേക്ക് നയിച്ചു ധൎമ്മനിഷ്ഠയെ നിരന്തരമായി പരിശീലിച്ചുനോക്കിയാൽ മതി.

വിജ്ഞാനസംബന്ധമായ സിദ്ധികൾ എല്ലാം തത്വാന്വേഷണവിഷയത്തിലൊ, ജീവിതത്തിലും പ്രകൃതിയിലുമുള്ള സത്യവും സൌന്ദൎയ്യവും കണ്ടുപിടിക്കുന്നതിലൊ വിനിയോഗിച്ചിട്ടുള്ള ഏകാഗ്രമായ വിചാരത്തിൻെറ ഫലമാകുന്നു. അതവക സിദ്ധികൾ ചിലപ്പോൾ ഡംഭം ദുൎമ്മോഹം ഇവയോട് കലൎന്നിരിക്കുന്നതായി കാണാം. എന്നാൽ അവ ആ ദുൎഗ്ഗുണങ്ങളുടെ ഫലമല്ല; ദീൎഘകാലത്തെ കഠിനമായ പ്രയത്നത്തിൻെറയും പരിശുദ്ധവും സ്വാൎത്ഥരഹിതവുമായ വിചാരത്തിൻെറയും സ്വാഭാവികമായ ഫലമാകുന്നു.

Digitized By Kerala Sahitya Akademi

ആദ്ധ്യാത്മികമായ സിദ്ധികൾ സാത്വികമായ ശുദ്ധേച്ഛയുടെ പരിപൂർത്തിയാണ്. ഉദാരവും ഉൽകൃഷ്ടവുമായ അഭിപ്രായങ്ങളോടുകൂടി ജീവിക്കയും ശുദ്ധവും സംഗരഹിതവുമായ വിചാരങ്ങളെ സദാ പരിശീലിക്കയും ചെയ്യുന്ന പുരുഷൻ ക്രമേണ ഉച്ചസ്ഥാനത്തിലേക്ക് പൊങ്ങുന്ന സൂര്യനെപ്പോലെയും പൂർണ്ണതയെ പ്രാപിക്കുന്ന ബാലചന്ദ്രനെപ്പോലെയും നിശ്ചയമായും ഉൽക്കർഷത്തെയും വിജ്ഞാനാഭിവൃദ്ധിയെയും ലഭിക്കുന്നതും ശക്തിമത്തും ഭാഗ്യപൂർണ്ണവുമായ ഒരുന്നതാവസ്ഥയിൽ എത്തുന്നതുമാകുന്നു.

സിദ്ധികൾ ഏതുതരത്തിലുള്ളവയായാലും അതെല്ലാം പ്രയത്നത്തിൻെറ ശിരസ്സിനെ അലങ്കരിക്കുന്ന കിരീടവും വിചാരത്തിൻെറ ചൂഡാരത്നവുമാകുന്നു. ആത്മസംയമനം, സ്ഥിരനിശ്ചയം, ഹൃദയശുദ്ധി, ധർമ്മനിഷ്ഠ, ഏകാഗ്രത ഇവയാൽ മനുഷ്യൻ ഉന്നതിയെ പ്രാപിക്കുന്നു. മൃഗസാധാരണമായ രാഗദ്വേഷങ്ങൾ, അലസത, ഹൃദയമാലിന്യം, നിഷിദ്ധാചരണം ഇവയ്ക്ക് അധീനനായിട്ടു മനുഷ്യൻ അധഃപതിക്കയും ചെയ്യുന്നു.

ഒരാൾ ഐഹികമായ ഏററവും ഉയന്ന പദവികൾ നേടിയെന്നു വരാം; ആദ്ധ്യാത്മികമായി അത്യുന്നതമായ സ്ഥാനങ്ങളിൽ എത്തി എന്നും വരാം. എന്നാലും ഡംഭയുക്തവും, സകാമവും, മലിനവുമായ വിചാരങ്ങൾക്ക് കീഴ്പ്പെട്ടാൽ അയാൾ അധഃപതിച്ചു അശക്തനും ദീനനും ആയിത്തീരുന്നതാണ്.

ശരിയായ വിചാരശക്തിയാൽ സമ്പാദിച്ച കാര്യസിദ്ധികൾ സർവ്വും സൂക്ഷിച്ചു രക്ഷിച്ചുകൊണ്ടാൽ മാത്രമേ നിലനില്ക്കുന്നുള്ളു. സിദ്ധി കൈവശമായി കഴിഞ്ഞാൽ പലരും ഉപേക്ഷ കാണിക്കാറുണ്ട്; അവക്ക് വേഗത്തിൽ വീണ്ടും അധഃപതനമുണ്ടാകയും ചെയ്യുന്നു.

Digitized By Kerala Sahitya Akademi

ലൌകിക വ്യാപാരങ്ങളിലൊ വിജ്ഞാന വിഷയത്തിലൊ ആദ്ധ്യാത്മിക മാൎഗ്ഗത്തിലൊ ഉണ്ടാകുന്ന സിദ്ധികൾ എല്ലാം അതാതിൽ പ്രത്യേകം നിയുക്തമായ വിചാരങ്ങളുടെ ഫലങ്ങളാകുന്നു. അവ എല്ലാം ഒരേ നിയമത്താൽ നിയന്ത്രിതങ്ങളും ഒരേക്രമത്തെ അനുസരിച്ചു വൎദ്ധിക്കുന്നവയുമാണ്. അവയുടെ സമ്പാദനത്തിൻെറ ഉദ്ദേശ്യങ്ങളിൽ മാത്രമേ വ്യത്യാസമുള്ളൂ.

അല്പകാൎയ്യം സാധിക്കേണമെങ്കിൽ അല്പമായ ത്യാഗം വേണം. അധികകാൎയ്യം സാധിപ്പാൻ അധികമായ ത്യാഗം വേണം. അത്യുൽകൃഷ്ടമായ കാൎയ്യം സാധിപ്പാൻ അതിമഹത്തായ ത്യാഗംതന്നെ വേണം.

Digitized By Kerala Sahitya Akademi

# അദ്ധ്യായം ൯.

## സ്ഥിരസങ്കല്പവും ഇഷ്ടമാതൃകയും.

—:0:—

ചിന്തകന്മാരാണ് ലോകത്തിന്റെ ഉദ്ധാരകന്മാർ. ദൃശ്യലോകം അദൃശ്യലോകത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ട് മനുഷ്യർ കഷ്ടതകളനുഭവിക്കയും പാപകർമ്മങ്ങൾ ചെയ്യുകയും നികൃഷ്ടമായ തൊഴിലുകളിലേർപ്പെട്ടു നിത്യത കഴിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോളൊക്കെയും തങ്ങളുടെ ചിന്തകന്മാരുടെ ധ്യാനങ്ങളാൽ നിർമ്മിതമായ മനോഹരവിഷയങ്ങൾ മനസ്സിൽ പതിഞ്ഞ് ആത്മാവിനെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ ചിന്തകന്മാരെ മനുഷ്യർക്ക് മറന്നുകൂട്ടുന്നതല്ല. അവർ സങ്കല്പിച്ച ഇഷ്ടമാതൃകകൾ മങ്ങിയോ മാഞ്ഞോ പോകുന്നതല്ല. അവ മനുഷ്യരുടെ ജീവിതത്തിൽ കലർന്നു സ്ഥിതിചെയ്യുന്നു. അവയെ അവർ അവശ്യമായും ഒരിക്കൽ നേരിട്ടുകാണുകയും അനുഭവിക്കയും സത്യങ്ങളായി കരുതുകയുംചെയ്യും.

സാഹിത്യകാരൻ, ശില്പി, ചിത്രകാരൻ, കവി, ദൈവജ്ഞൻ, ഋഷി ഇവരെല്ലാം ചിന്താശീലന്മാരാണ്. പരലോകത്തെ സൃഷ്ടിച്ച ബ്രഹ്മാവും, സ്വർഗ്ഗത്തെപ്പണിചെയ്ത വിശ്വകർമ്മാവും ഇവർതന്നെ. ഇവർ ജീവിച്ചിരുന്നതുകൊണ്ടുള്ള യോഗ്യതമാത്രമേ ഈ ലോകത്തിനുള്ളു. ഇവരില്ലെങ്കിൽ മനുഷ്യർ ക്ലേശിച്ചു നശിച്ചുപോകും.

ഒരു രമ്യവസ്തുവെ കുറിച്ചുള്ള സങ്കല്പത്തെ അല്ലെങ്കിൽ ഒരു ഉൽകൃഷ്ടമായ ഇഷ്ടമാതൃകയെ ഏതൊരാൾ എ)

Digitized By Kerala Sahitya Akademi

പ്പോഴും ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കുന്നുവോ അയാൾക്കു നിശ്ചയമായും അതൊരിക്കൽ സ്വാനുഭവത്തിൽ വരും. കൊളംബസ്സിനു വേറൊരു ഭൂഖണ്ഡം ഉണ്ടായിരിക്കണമെന്നു ധാരണ(സങ്കല്പം)യുണ്ടായി. അദ്ദേഹം അതിനെ കണ്ടുപിടിക്കയും ചെയ്തു. കപ്പർ നിക്കസ് (Copernicus) എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ ഗോളങ്ങൾ അസംഖ്യം ഉണ്ടായിരിക്കണമെന്നും ഈ ബ്രഹ്മാണ്ഡം സാധാരണ ജനങ്ങൾ വിചാരിച്ചുവരുന്നതിനെക്കാൾ അധികം വലുതായിരിക്കണമെന്നും ഉള്ള ഒരു ധാരണ പ്രബലമാക്കി വച്ചുകൊണ്ടിരുന്നു. അദ്ദേഹംമൂലം തന്നെ അതു വെളിപ്പെടുകയും ചെയ്തു. പരിശുദ്ധമായ ദൃഢതയും പരിപൂർണ്ണമായ വിശ്രാന്തിയുമാകുന്ന നിർവാണമെന്ന ഒരദ്ധ്യാത്മാവസ്ഥയുണ്ടെന്ന് ബുദ്ധമുനിക്ക് ഒരു ധാരണ തോന്നി; അദ്ദേഹം അതിനെ പ്രാപിക്കയുംചെയ്തു.

സങ്കല്പങ്ങളെ അല്ലെങ്കിൽ ഇഷ്ടമാതൃകകളെ അതായതു സംഗീതംപോലെ ഹൃദയത്തെ രഞ്ജിപ്പിക്കുന്ന സ്വാരസ്യമുള്ള ധാരണാധാരകളെ—നിങ്ങളുടെ മനസ്സിൽ സഞ്ചരിപ്പിക്കുന്ന സൌഭാഗ്യത്തെ—നിങ്ങളുടെ അതിനിർമ്മലമായ വിചാരങ്ങളുടെ നഗ്നത മറയ്ക്കുന്ന കമനീയമായ മൂടുപടത്തെ—വെച്ചുകൊള്ളുവിൻ. അവയിൽ നിന്നു ആഹ്ലാദജനകമായ എല്ലാ അവസ്ഥകളും ഉണ്ടാകും. ദിവ്യമായ എല്ലാ അവസ്ഥകളും സിദ്ധിക്കും. ഒരിക്കലും തെററാതെ സ്ഥിരനിഷ്ഠയോടെ അവയെ വച്ചുകൊണ്ടാൽ ഒടുവിൽ നിങ്ങളുടെ ലോകം തന്മയമായിത്തീരുകയും ചെയ്യും.

ആഗ്രഹിക്കുന്നതു നിശ്ചയമായും ലഭിക്കും. ആശിക്കുന്നതു നിശ്ചയമായും സാധിക്കും. മനുഷ്യന്റെ അതിനീചമായ ആഗ്രഹങ്ങൾ കൂടി സമ്പൂർണ്ണമായി നിറവേറുമ്പോൾ അതി പരിശുദ്ധങ്ങളായ ആശകൾ വിഫലമാകുമോ? ദൈവികനിയമം അതല്ല. അങ്ങനെയൊരവസ്ഥ ഒരിക്കലും വരുന്നതല്ല. "ചോദിക്കുക, വാങ്ങുക" അതാണ് നിയമം.

Digitized By Kerala Sahitya Akademi

ഉയൎന്ന മനോരാജ്യങ്ങൾ വെച്ചുകൊള്ളുവിൻ. നിങ്ങൾ നിങ്ങളുടെ മനോരാജ്യംപോലെ തന്നെ ആയിത്തീരും. നിങ്ങളുടെ ധാരണ അല്ലെങ്കിൽ സങ്കല്പം നിങ്ങളുടെ ഭാവിയേക്കുറിച്ചുള്ള വാഗ്ദാനമാണ്. നിങ്ങളുടെ ഇഷ്ടമാതൃക ഒടുവിൽ നിങ്ങൾ തുറന്നു കാണ്മാൻ പോകുന്ന രഹസ്യതത്വത്തെപ്പററി മുൻകൂട്ടി ഉറപ്പുതരുന്ന ദൈവജ്ഞ വചനവുമാകുന്നു.

ലോകത്തുണ്ടായിട്ടുള്ള ഏററവും വലിയ കാൎയ്യസിദ്ധികൾക്കൂടി ആദ്യം കുറേക്കാലം വെറും മനോരാജ്യങ്ങളായിരുന്നു. പുളിങ്കുരുവിനകത്തു പുളിമരം ഉറങ്ങിക്കിടക്കുന്നു.

മുട്ടയ്ക്കകത്തു പക്ഷി കാത്തിരിക്കുന്നു. ആത്മാവിന്റെ ഏററവും വലിയ മനോരഥത്തിന്റെയുള്ളിൽ ഒരു ദേവത ഉണൎന്നു അംഗങ്ങളെ ചലിപ്പിക്കയും ചെയ്യുന്നു. മനോരാജ്യങ്ങൾ യഥാൎത്ഥാനുഭവത്തിന്റെ അങ്കുരങ്ങളത്രേ.

നിങ്ങൾക്കു ബാഹ്യാവസ്ഥകൾ അനുകൂലങ്ങളല്ലായിരിക്കാം. എന്നാൽ ഒരു ഇഷ്ടമാതൃകയെ നിരന്തരമായി ചിന്തിക്കയും അതിലെത്താൻ നല്ലവണ്ണം യത്നിക്കയും ചെയ്യുമെങ്കിൽ ആ അവസ്ഥകൾ വളരേക്കാലം അങ്ങനെതന്നെ ഇരിക്കുന്നതല്ല. ഉള്ളിൽ നിങ്ങൾ യാത്രചെയ്കയും പുറമേ അനങ്ങാതെ ഒരു ദിക്കിൽതന്നെ ഇരിക്കയും ചെയ്യുക എന്നുള്ളതു് അസാദ്ധ്യമാണ്. ഇതാ ദാരിദ്ര്യംകൊണ്ടു കൂലിവേലചെയ്തു വളരെ ബുദ്ധിമുട്ടിയിരിക്കുന്ന ഒരു ചെറുപ്പക്കാരൻ ദിവസം പ്രതി അധിക സമയവും അനാരോഗ്യകരമല്ലാത്ത തൊഴിൽശാലകളിൽ അടച്ചിരുന്നു വേല ചെയ്യുന്നു. വിദ്യാഭ്യാസമില്ല പരിഷ്കാരമൊന്നുമില്ല. എന്നാൽ അവൻ നല്ല നല്ല സംഗതികളെപ്പററി മനോരാജ്യം ചെയ്യുന്നു. ബുദ്ധി, പരിഷ്കാരം, ഭംഗി, സൌന്ദൎയ്യം ഇവയെപ്പററി ചിന്തിക്കുന്നു. അവൻ ഒരു മാതൃകാജീവിതത്തെ മനസ്സിൽ ധരിക്കയും മനസ്സുകൊണ്ടു്



Digitized By Kerala Sahitya Akademi

അതിനെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു. അധികം സ്വാതന്ത്ര്യത്തേയും അധികം വ്യാപ്തിയുള്ള ജീവിതത്തെയും സംബന്ധിച്ച് ഒരു മനോരാജ്യം അവന്റെ ഉള്ളിൽ കടന്നുകൂടുന്നു. ഉടൻ ഒരു അസ്വസ്ഥത അവനെ പ്രയത്നത്തിലേക്കു തള്ളിവിടുന്നു. അവന്റെ ഒഴിവുള്ള സമയവും ചിലവു കഴിച്ചുള്ള സമ്പാദ്യവും എത്ര തുച്ഛമായിരുന്നാലും മുഴുവൻ തന്നിൽ മങ്ങിക്കിടക്കുന്ന ശക്തികളേയും യോഗ്യതകളേയും വദ്ധിപ്പിക്കുന്നതിനായി അവൻ വിനിയോഗിക്കയും ചെയ്യുന്നു. പിന്നെ ആ തൊഴിൽശാലയ്ക്കകത്തു അവൻ ഒതുങ്ങാതാകത്തക്കവണ്ണം അവന്റെ മനസ്സിൽ വേഗത്തിൽ ഒരു മാററമുണ്ടാകുന്നു. തൊഴിൽശാലയിലെ പണി ഒരു പ്രകാരത്തിലും അവന്റെ മനസ്സിനിണങ്ങാത്തതായിത്തീരുന്നു. അതു ചേരാത്ത കുപ്പായം പോലെ തന്റെ ജീവിതത്തിൽനിന്നു വേർപെട്ടു അകന്നു പോകുന്നു. പിന്നെ അവന്റെ വദ്ധിച്ചുവരുന്ന ശക്തികൾക്കു യോജിക്കത്തക്കവണ്ണം സൌകൎയ്യങ്ങൾ അധികപ്പെട്ടുവരുമ്പോൾ അവൻ അതിനെ അവസാനമായി ഉപേക്ഷിച്ചു പുറത്തു പോകയും ചെയ്യുന്നു. അനേകം കൊല്ലങ്ങൾക്കു ശേഷം വീണ്ടും ഈ യുവാവിനെ നാം ഒരു പൂൎണ്ണപുരുഷത്വം പ്രാപിച്ച മനുഷ്യനായി കാണുന്നു. അവൻ മാനസശക്തികളിൽചിലതിനെ നല്ലവണ്ണം വശംവദമാക്കിയിരിക്കുന്നതായും അവയെ ലോകം മുഴുവൻ വ്യാപിക്കത്തക്കവണ്ണം മിക്കവാറും തുല്യമില്ലാത്ത ശക്തിയോടും സാമൎത്ഥ്യത്തോടും കൂടി ഉപയോഗിക്കുന്നതായും നാം കാണുന്നു. അതി മഹത്തായ ഉത്തരവാദമുള്ള പ്രവൃത്തികളെ നടത്തുന്നതിനുള്ള ചുക്കാൻ അവൻ കൈയിൽ വച്ചിരിക്കുന്നു. അവൻ പ്രസംഗിക്കുന്നു. ഇതാ അവന്റെ ജീവിതരീതിതന്നെ ആകപ്പാടെ മാറിപ്പോയിരിക്കുന്നു. പുരുഷന്മാരും സ്ത്രീകളും അവൻ പറയുന്നതിനെ ആദരവോടെ അനുഷ്ഠിക്കയും തങ്ങളുടെ സ്വഭാവത്തേയും ശീലത്തേയും അതനുസരിച്ച് ആകപ്പാടെ പുതുക്കുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ തന്നെ ആശ്രയിച്ചു് ചുററിത്തി

Digitized By Kerala Sahitya Akademi

രിയുന്ന അസംഖ്യം ഗോളങ്ങളുടെ മദ്ധ്യത്തിൽ സ്ഥിരമായി സ്ഥിതിചെയ്യുന്ന ഉജ്ജ്വലനായ സൂര്യനെപ്പോലെ പല ജീവിതക്രമങ്ങളോടുകൂടിയ അനവധി ജനങ്ങളുടെ ഇടയിൽ അവൻ നേതാവായി ശോഭിക്കുന്നു. അവന്റെ ചെറുപ്പത്തിലേ മനോരാജ്യം ഫലിച്ചു. അവന്റെ ഇഷ്ടമാതൃകയോട് അവൻ സായൂജ്യം പ്രാപിച്ചു.

ചെറുപ്പക്കാരായ വയനാക്കാരേ! നിങ്ങൾക്കും നിങ്ങളുടെ ഹൃദയത്തിവുള്ള സ്ഥിരസങ്കല്പങ്ങളുടെ (ഉദാസീനമായ ആഗ്രഹങ്ങളുടെ അല്ല) ഫലം ശരിയായി അനുഭവിപ്പാറാകുന്നതാണ്. സങ്കല്പങ്ങൾ ഉത്തമമായോ അധമമായോ ഇരിക്കാം. ഫലം അതതിനനുരൂപമായിരിക്കുമെന്നേയുള്ളു. ഹൃദയത്തിൽ വച്ച്വച്ചു അത്യന്തം സ്നേഹിക്കുന്ന വസ്തുവിന്റെ നേരേ ആകർഷണത്താലെന്നപോലെ നിങ്ങൾ ചെന്നെത്തും. നിങ്ങളുടെ വിചാരങ്ങളുടെ ശരിയായ ഫലം നിങ്ങളുടെ കയ്യിൽ താനേ വന്നുകയറും. നിങ്ങൾ സമ്പാദിക്കുന്നതെല്ലാം നിങ്ങൾക്കു കിട്ടും. കൂടിയോ കുറഞ്ഞോ പോകയില്ല. തൽക്കാലാവസ്ഥ ഏതു തന്നെ ആയാലും നിങ്ങളുടെ വിചാരം ഇഷ്ടമാതൃക (സ്ഥിരസങ്കല്പം) ഇവയുടെ സ്വഭാവത്തിന്നനുസരിച്ചു നിങ്ങൾ താഴുകയോ യഥാസ്ഥിതി ഇരിക്കുകയോ പൊങ്ങുകയോ ചെയ്യും. നിങ്ങളുടെ ചെറിയ ആഗ്രഹങ്ങൾക്കനുസരിച്ചു നിങ്ങൾ ചെറുതാകയും തുറന്ന ആശംസകൾക്കനുസരിച്ചു വലുതാകയും ചെയ്യും. ഡേവിസ്—(Stanton Kirkham Davis) എന്ന മഹാൻ ഇതിനെ എത്ര ഭംഗിയായി പറഞ്ഞിരിക്കുന്നു. ഒരാൾ ഒരു കണക്കെഴുത്തുകാരനായിരിക്കാം. പെട്ടെന്നു അതുവരെ തന്റെ ലക്ഷ്യത്തിന്റെ അല്ലെങ്കിൽ ഇഷ്ടമാതൃകയുടെ മാർഗ്ഗത്തെ തടുത്തുകൊണ്ടു നിന്നിരുന്ന പാണ്ടികശാലയുടെ മുറിയിൽനിന്നു അയാൾ ഇറങ്ങി ഒരു മഹാസഭയുടെ മുൻപിൽ, അപ്പോഴും ചെവിയുടെമടക്കിൽ പേനയും മഷിപുരണ്ട കൈവിരലുകളുമായി ആ നിലയിൽ നിന്നുകൊണ്ടു തന്നെ

Digitized By Kerala Sahitya Akademi

തനിക്കു സിദ്ധിച്ച വിജ്ഞാനങ്ങളെ പ്രസംഗരൂപേണ വഷി ക്കേണ്ടിവരും. ഒരാൾ ആടുമേച്ചു നടന്നു എന്നു വരാം. അയാൾ ഒരു ഇടയച്ചെറുക്കനെപ്പോലെ വായും പൊളിച്ചു നഗരത്തിൽ അലഞ്ഞു നടക്കേണ്ടതായി നേരിടും. അന്തരാത്മാവു് നിശ്ശങ്കമായി കാണിക്കുന്ന വഴിയൂടെ അയാൾ അലഞ്ഞു തിരിഞ്ഞു ചെന്നു് ഒരു പണ്ഡിതന്റെ കലാശാലയിൽ കയറും. കുറേക്കാലം കഴിഞ്ഞു പണ്ഡിതർ എനിക്കിതിലധികമൊന്നും നിങ്ങളെ പഠിപ്പിക്കാനില്ലെന്നു അയാളോടുപറയും. അപ്പോൾ അയാൾ ഒരു പണ്ഡിതരായി തീരും. ആടുമേച്ചു നടന്ന കാലത്തു് ഈ വലിയ സംഗതിയെപ്പററി അയാൾ മനോരാജ്യം ചെയ്തിരുന്നു. ഒരാൾ ഒരാശാരി വേലക്കാരനായിരിക്കാം. കൈവാളും ഉളിയും പണിപ്പുരയിൽ വച്ചുകളഞ്ഞിട്ടു് അയാൾ പോയി ലോകത്തിൽ സമുദായപരിഷ്കാരത്തിനായി വേല ചെയ്യേണ്ടി വന്നേക്കും.

വിചാരശീലവും ജ്ഞാനവുമില്ലാത്തവരും അലസന്മാരും സംഗതികളുടെ പുറമേയുള്ള ഫലങ്ങളെ (അവയുടെ വാസ്തവസ്വഭാവത്തെ അറിയാതെ) യോഗം, ഭാഗ്യം, യദൃച്ഛ എന്നൊക്കെ ജല്പിക്കുന്നു. അവർ ഒരാൾ ധനികനായിത്തീരുന്നതുകണ്ടിട്ടു് "എന്തൊരു യോഗമാണവനുണ്ടായിരിക്കുന്നതു്!" എന്നു പറയും. വേറൊരാൾ വിവേകിയായിത്തീരുന്നതു കണ്ടിട്ടു് "എത്ര നല്ല സൌകര്യമാണു് അയാൾക്കു കിട്ടിയിരിക്കുന്നതു്" എന്നു അത്ഭുതപ്പെടും. അല്ലാതെ, അയാളുടെ സാത്വികമായ നടത്തയെയൊ ജനങ്ങളുടെ ഇടയിൽ വ്യാപിച്ചിരിക്കുന്ന അയാളുടെ ശക്തിയെയൊ പററി മിണ്ടുകയില്ല. "അയാൾ ചെല്ലുന്ന വഴിയൊക്കെ ഭാഗ്യം തന്നെ" ഇതാണു അഭിപ്രായം. ഇങ്ങനെയുള്ള യോഗ്യന്മാർ അവൎക്കുണ്ടായിരിക്കുന്ന അനുഭവങ്ങളിൽ എത്തുന്നതിനായി എതിരിട്ടിട്ടുള്ള സങ്കടങ്ങളെയും അപജയങ്ങളെയും കഷ്ടതകളെയും ഒന്നും ഇക്കൂട്ടർ നോക്കുന്നില്ല. പ്രഥമദൃഷ്ടിയിൽ അസാദ്ധ്യമായി തോന്നിയ

Digitized By Kerala Sahitya Akademi

പ്രതിബന്ധങ്ങളെഎല്ലാം കടന്നു തങ്ങളുടെഹൃദയത്തിൽ വച്ചിരുന്ന സ്ഥിരസങ്കല്പത്തിന്റെ ഫലത്തെ അനുഭവിക്കുന്നതിനായി അവർ സഹിച്ചിട്ടുള്ള നഷ്ടങ്ങളെയും ചെയ്തിട്ടുള്ള അശ്രാന്തമായ ശ്രമത്തെയും സ്വീകരിച്ച ദൃഢമായവിശ്വാസത്തെയും അവർ അറിയുന്നില്ല. അന്ധകാരത്തെയും മനോവ്യഥയെയും അവർ ചിന്തിക്കുന്നില്ല. പ്രകാശത്തെയും സന്തോഷത്തെയും മാത്രംകാണുന്നു. അതിനു അവർ ഭാഗ്യം എന്നു പറകയും ചെയ്യുന്നു. നീണ്ട കഷ്ടമായ വഴിയാത്രയെ ഓർക്കുന്നില്ല. ചെന്നെത്തിയ സുഖകരമായ സ്ഥാനത്തെ മാത്രം കാണുന്നു. അതിനെ 'ശുഭയോഗം' എന്നു വിളിക്കയും ചെയ്യുന്നു. പ്രവൃത്തിക്രമങ്ങളെ മനസ്സിലാക്കുന്നില്ല. ഫലത്തെ മാത്രം കാണുന്നു. അതിനു യദൃച്ഛയെന്നു പറകയും ചെയ്യുന്നു.

മനുഷ്യന്റെ എല്ലാ കാര്യങ്ങളിലും പ്രയത്നവും ഫലവും ഉണ്ട്. പ്രയത്നം എത്ര ബലമുള്ളതൊ ഫലവും അത്ര മഹത്തായിരിക്കും. യദൃച്ഛ എന്നു ഒന്നില്ല. വാസനാബലം ശക്തി ഇവയും, വിജ്ഞാനം അദ്ധ്യാത്മാനുഭവം ഇവയിൽ ഒരാൾക്കുണ്ടാകുന്ന ഉന്നതാവസ്ഥയും പ്രയത്നത്തിന്റെ ഫലങ്ങളാകുന്നു അവ വിചാരങ്ങളുടെ സമാപ്തിയും ഉദ്ദേശങ്ങളുടെ നിർവഹണവും, സങ്കല്പത്തിന്റെ ഫലാനുഭൂതിയുമാകുന്നു.

നാം മനസ്സിൽവെച്ചു ലാളിക്കുന്ന സ്ഥിരസങ്കല്പം, ഹൃദയസിംഹാസനത്തിൽ വച്ചുപചരിക്കുന്ന ഇഷ്ടമാതൃക എന്നീ രണ്ടിൽ ഒന്നാമത്തേതു നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തും, രണ്ടാമത്തതിനോടു നാം ഐക്യം പ്രാപിക്കയും ചെയ്യും.

Digitized By Kerala Sahitya Akademi

# അദ്ധ്യായം ൭.

## ശാന്തി.

മനസ്സിന്റെ ശാന്തത വിജ്ഞാനശരീരത്തെ അലങ്കരിക്കുന്ന രത്നങ്ങളിൽ ശോഭയേറിയ ഒന്നാകുന്നു. അത് ആത്മസംയമനവിഷയത്തിൽ ദീർഘകാലം ക്ഷമയോടുകൂടി ചെയ്തിട്ടുള്ള ശ്രമത്തിന്റെ ഫലമാകുന്നു. അതുള്ളവൎക്ക് പരിപാകമായ ലോകപരിചയവും വിചാരത്തിന്റെ നിയമങ്ങളെയും വ്യാപാരങ്ങളെയും സംബന്ധിച്ച് സാധാരണയിൽ കവിഞ്ഞ അറിവും സിദ്ധിച്ചിട്ടുണ്ടെന്ന് തീർച്ചയാക്കാം.

ഒരുവൻ തന്റെ സ്വന്തജീവിതം തന്നെ വിചാരനിൎമ്മിതമാണെന്ന എത്ര നല്ലവണ്ണം മനസ്സിലാക്കുമൊ അത്ര അധികം അയാൾ ശാന്തനായിത്തീരും. എന്തുകൊണ്ടെന്നാൽ ആ അറിവുണ്ടായാൽ നിശ്ചയമായും അന്യജീവിതങ്ങളും അതുപോലെ വിചാരഫലങ്ങളാണെന്ന ബോദ്ധ്യമാകും. അങ്ങനെ ആ യഥാൎത്ഥബോധം വൎദ്ധിക്കയും പദാൎത്ഥങ്ങളുടെ ആന്തരമായ കാൎയ്യകാരണസംബന്ധങ്ങളെ അധികമധികം സ്പഷ്ടമായി കാണുകയും ചെയ്യുന്തോറും അയാൾക്ക ഒന്നുകൊണ്ടും ക്ഷോഭവും കോപവും ക്ലേശവും വ്യസനവും തോന്നാതാകും. മനസ്സ് സമമായും സ്ഥിരമായും ശാന്തമായും നില്ക്കും.

ശാന്തനായ പുരുഷൻ താൻ നടക്കേണ്ട മാൎഗ്ഗം നല്ലവണ്ണം മനസ്സിലാക്കീട്ടുള്ളതുകൊണ്ട് അന്യന്മാരോടു യോജിച്ചു നടക്കാനുള്ള വഴിയും അറിയും. ജനങ്ങൾക്ക് അദ്ദേഹത്തിന്റെ സാത്വികമായ നിഷ്ഠയിൽ ബഹുമാനവും ഭക്തിയും ഉണ്ടാകും. അദ്ദേഹത്തിൽനിന്നു പലതും പഠി

Digitized By Kerala Sahitya Akademi

പ്പാനുണ്ടെന്നും അദ്ദേഹത്തെ വിശ്വസിക്കാമെന്നും ജനങ്ങൾക്കു താനെ തോന്നുകയും ചെയ്യും.

ഒരാൾ അധികമധികം ശാന്തനായി തീരുംതോറും തൻെറ കാര്യസിദ്ധികൾ, ജനരഞ്ജന, നന്മചെയ്വാനുള്ള ശക്തി ഇവയും അധികപ്പെടും. സാധാരണ ഒരു വ്യാപാരിക്കുകൂടി മനോവികാരങ്ങളുടെ നിയമനവും ശാന്തതയും അധികപ്പെടുന്നതനുസരിച്ച് അയാളുടെ വ്യാപാരത്തിന്ന് അധികം അഭിവൃദ്ധി ഉണ്ടാകുന്നതാണ്. ഒരിക്കലും മാററമില്ലാതെ സ്വഭാവത്തിന്നിണക്കമുള്ളവരുമായി ഇടപാട്ട് ചെയ്വാനാണല്ലോ ജനങ്ങൾ അധികം ഇഷ്ടപ്പെടുന്നത്.

സ്ഥിരബുദ്ധിയും ശാന്തനുമായ പുരുഷനെ ജനങ്ങളെപ്പോഴും സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു. അയാൾ മണൽപ്രദേശത്തെ വെയിലിൽ തണലു നല്കുന്ന ഛായാവൃക്ഷമോ, കടലിലെ കൊടുങ്കാററിൽ അഭയം നൽകുന്ന പാറത്തടമോ പോലെ ആകുന്നു.

ഹൃദയശാന്തതയേയും സ്വഭാവമാധുര്യത്തോടുകൂടി സമനില തെററാതെ നില്ക്കുന്ന ജീവിതാവസ്ഥയേയും ഏതൊരുവൻ ആഗ്രഹിക്കയില്ല? അവ ലഭിപ്പാൻ ഭാഗ്യമുണ്ടായവർക്കു മഴപെയ്യട്ടെ, വെയിൽ വെറിക്കട്ടെ, അല്ലെങ്കിൽ ലോകത്തിൽ മറെറന്തെങ്കിലും മാററങ്ങളുണ്ടാവട്ടെ, അവ ഒന്നും അവരിൽ യാതൊരു വികാരവും ഉണ്ടാക്കുന്നതല്ല. അവരുടെ സ്വഭാവം എപ്പോഴും മധുരമായും ശാന്തമായും നിശ്ചലമായുമിരിക്കും.

സ്വഭാവത്തിൻെറ മനോഹരമായ ഈ സമസ്ഥിതിക്കാകുന്നു ശാന്തി എന്നു പറയുന്നത്. അത് ഉൽകൃഷ്ടവിദ്യാഭ്യാസത്തിൻെറ ഒടുവിലത്തെ പാഠമാകുന്നു. ജീവിതലതയുടെ വിടർന്ന പുഷ്പമാകുന്നു. ആത്മവൃക്ഷത്തിൻെറ പഴുത്ത ഫലമാകുന്നു,

Digitized By Kerala Sahitya Akademi

അതു് വിജ്ഞാനംപോലെ വിലയേറിയതും പൊന്നിനെക്കാളും, കലൎപ്പില്ലാത്ത തങ്കത്തെക്കാളും ആശിക്കത്തക്കതും ആകുന്നു. ഒരു ശാന്തമായ ജീവിതാവസ്ഥയോടു കേവലം ധനാപ്ത്യഗ്രതയെ ഒത്തുനോക്കുമ്പോൾ എത്ര നിസ്സാരമായി തോന്നുന്നു. ഹാ! ശാന്തമായ ജീവിതം! അതു് സത്യമാകുന്ന മഹാസമുദ്രത്തിന്റെ അടിയിൽ സ്ഥിതിചെയ്യുന്നു. തിരമാലകൾ അതിനെ ഇളക്കുന്നില്ല. കൊടുങ്കാറ്റിന്റെ ക്ഷോഭം ആ അഗാധതലത്തിൽ എത്തുന്നില്ല. അവിടം സദാ നിശ്ചലമായിരിക്കുന്നു.

എത്രപേർ നമ്മുടെ അറിവിൽ മനഃക്ഷോഭങ്ങൾക്കു് വശംവദരായി ജീവിതത്തിനു് കളങ്കംവരുത്തുകയും നല്ലതും ആസ്വാദ്യവുമായ സകലത്തെയും നശിപ്പിക്കുകയും ആത്മാവിന്റെ ശാന്തതയ്ക്കു ഭംഗംവരുത്തുകയും ശരീരത്തിൽ രക്തത്തെ ദുഷിപ്പിക്കുകയും ചെയ്യുന്നു. ലോകത്തിൽ ഏററവും അധികം ജനങ്ങൾ ആത്മസംയമനത്തിന്റെ അഭാവത്താൽ ആയുസ്സിനെ നശിപ്പിക്കുകയും സുഖത്തിനു ഭംഗമുണ്ടാക്കുകയും അല്ലേ ചെയ്യുന്നതെന്നുള്ളതു് ഒരു ചോദ്യംതന്നെ. മനസ്സിന്റെ സമനില, പൂൎണ്ണമായ സൽസ്വഭാവത്തിന്റെ ലക്ഷണമാകുന്ന മനോഹരമായ ശാന്തി, ഇവ ജീവിതകാലത്തിൽ തീരെ ചുരുക്കംപേരിൽമാത്രമേ നാം കാണുന്നുള്ളുവല്ലോ!

അതേ; മനുഷ്യജീവിതങ്ങൾ അടങ്ങാത്ത രാഗദ്വേഷങ്ങളാൽ തിരതല്ലിയും പൊറുക്കാത്ത മനോവേദനകളാൽ ഇളകിമറിഞ്ഞും വ്യാകുലതയും സംശയവുമാകുന്ന കൊടുങ്കാററുകളാൽ അടിപെട്ടും കഷ്ടപ്പെട്ടുകയാകുന്നു. ആരു് തന്റെ മനസ്സിനെ നിൎമ്മലവും സംയമനത്താൽ വശംവദവുമാക്കി വെച്ചിരിക്കുന്നുവോ ആ വിവേകിക്കു് മാത്രമേ ആത്മസമുദ്രത്തിലെ കാററും കോളും കീഴടക്കുന്നുള്ളു.

കൊടുങ്കാററിൽ പെട്ടുഴലുന്ന ആത്മാക്കളെ! നിങ്ങൾ എവിടെകിലായിരുന്നാലും ഏതവസ്ഥകൾക്കു കീഴ്പ്പെട്ടിരുന്നാലും

Digitized By Kerala Sahitya Akademi

ന്ദരി, ഇതു് ഓൎത്തുകൊള്ളുവിൻ!—സംസാരമാകുന്ന മഹാസമുദ്രത്തിൽ അഭയസ്ഥാനങ്ങളായ ദ്വീപുകൾ ശോഭിക്കുന്നുണ്ടു്. പ്രകാശമുള്ള അവയുടെ തീരങ്ങളിൽ നിങ്ങളുടെ ഇഷ്ടമാതൃകകൾ നിങ്ങളെ കാത്തുനില്ക്കയും ചെയ്യുന്നു. വിചാരമാകുന്ന ചുക്കാനിൽ കൈ ദൃഢമായി പിടിച്ചുകൊള്ളുവിൻ. നിങ്ങളുടെ ഹൃദയമാകുന്ന ചെറുതോണിയ്ക്കുള്ളിൽ ലോകനായകൻ സ്ഥിതിചെയ്യുന്നു. അവിടുന്നു് പള്ളിയുറക്കമാണു്. ഉണൎത്തുവിൻ! മനോനിഗ്രഹംതന്നെ ബലം. സദ്വിചാരംതന്നെ വിജയം. ശാന്തിതന്നെ ശക്തി. ഹൃദയത്തോടു് "അടങ്ങുക, ശാന്തമാകുക." എന്നു പറയുവിൻ!

ശാന്തിഃ! ശാന്തിഃ!! ശാന്തിഃ!!!

ശുഭം

—:*:—

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi